

GHSS CHAVASSERY
2023-24

## ഗവ: ഹയർ സെക്കണ്ടറി സ്കൂൾ
## ചാവശ്ശേരി

### ഡിജിറ്റൽ മാഗസിൻ 2024

# ഇ മൊഴി

# എഡിറ്റോറിയൽ ബോർഡ്

എഡിറ്റർ : സഹ്റ യാസ്മിൻ 9B

സബ് എഡിറ്റർ : ഷസ ഫാത്തിമ 9A

ബോർഡ് മെംബർസ് :

അശ്വതി കാരായി 9D

ധ്യാൻ ഹർഷൻ 9C

മുഹമ്മദ് വാസിൽ 9A

ചിത്രം:

വൈഗ എൻ 9B

ഹന സൈനബ് 9A

പാർവതി നന്ദ എൻ 9B

ഫാത്തിമത്ത് റിയ 6A

ഫാത്തിമത്തുൽ ഹുദ 5A

ശ്രീലക്ഷ്മി കെ 6C

സഹ്റ ഫാത്തിമ കെ 5A

ദേവനന്ദ് കെ 6C

സദീദ ടി കെ 8D

# ആശംസ

ഭാഷ ആശയവിനിമയോപാധിയാണ്.ആശയങ്ങൾ കൈമാറുവാൻ സ്മൈലിയും,മെസ്സേജുകളും ഇടംപിടിച്ച ഇക്കാലത്ത് മൊഴികൾ നഷ്ടപ്പെട്ടിരിക്കുന്നു.കവിത,കഥ,ലേഖനം,ആസ്വാദനക്കുറിപ്പ് ഇവയിലൂടെ മൊഴികൾ തിരിച്ചു പിടിക്കാനായ് ലിറ്റിൽ കൈറ്റ്സ് ,വിദ്യാരംഗം വിദ്യാർത്ഥികളുടെ വലിയ ഉദ്യമത്തിൻ ഇമൊഴിക്ക് ഹൃദയം നിറഞ്ഞ ആശംസകൾ അർപ്പിക്കുന്നു

ഹെഡ്മാസ്റ്റർ



# ആശംസ

ചാവശ്ശേരിയുടെ വാനമ്പാടികളുടെ കുറുമൊഴികൾ
നറുമൊഴികളാകട്ടെ..
ഇമൊഴി കൾക്ക് ആശംസകൾ

ത്രേസ്യാമ്മ വി ജെ
കോ ഓർഡിനേറ്റർ
വിദ്യാരംഗം കലാസാഹിത്യവേദി

# ആശംസ

ചാവശ്ശേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാരംഗം കലാ സാഹിത്യ വേദിയും ലിറ്റിൽ കൈറ്റ്സും സംയുക്തമായി ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുകയാണല്ലോ....
2022 – 25 ബാച്ചിലെ 1 മുതൽ 10 വരെ ക്ലാസിലെ വിദ്യാർത്ഥികളുടെ വ്യത്യസ്ത കലാ സാഹിത്യ കഴിവുകൾ സർഗാത്മകതയോടെ രചനകളിലൂടെ പ്രകടിപ്പിക്കുന്നതിന് ഇതിലൂടെ നമുക്ക് സാധിക്കുന്നു. ഇത്തരം പ്രോത്സാഹനങ്ങൾ നൽകുന്നതിന് ഇതിന്റെ പിന്നിൽ പ്രവർത്തിച്ച സംഘാടകർക്കും വിവിധ രചനകൾ തയ്യാറാക്കി നൽകിയ എന്റെ കൂട്ടുകാർക്കും തുടർന്നുള്ള സഹകണം പ്രതീക്ഷിച്ചു കൊണ്ട് കലാ സാഹിത്യ വേദി ജോയിന്റ് സെക്രട്ടറി എന്ന നിലയിൽ സ്നേഹം നിറഞ്ഞ ആശംസകൾ നേരുന്നു..

നവ്യശ്രീ പി
കലാ സാഹിത്യ വേദി ജോയിന്റ് സെക്രട്ടറി

## ഉള്ളടക്കം


1. താൻ കുഴിച്ച കുഴിയിൽ 8
2. വിഷമില്ലാത്ത ജീവിതം 9
3. പൂവുകളല്ലേ നാം 11
4. ഒരു യാത്ര അനുഭവം 12
5. പ്രഭാതം 13
6. قطي 14
7. हम फूल हैं 15
8. ചിന്താമയമോ ഈ ജീവിതം 16
9. ഭക്ഷണത്തിൻറെ മൂല്യം 17
10. നല്ല മഴ 19
11. വാർമഴ 20
12. എൻറെ വിദ്യാലയം 21
13. ഒരു കുട്ടി പാട്ട് 22
14. മഴയും മഴവില്ലും 23
15. അമ്മുവിന് സംഭവിച്ച തെറ്റ് 24
16. കുഞ്ഞിപൂമ്പാറ്റ 26
17. പാൽക്കാരിയുടെ സ്വപ്നം 27
18. ചിതയിലൊടുങ്ങുന്നിതായെൻ ജീവനം 28
19. കോവിഡ് കാലം 29
20. മാലിന്യം എന്ന വെല്ലുവിളി 30
21. അമ്പിളിയമ്മാവൻ 31
22. വൈറസാന്ദരം 32
23. അമ്മ കുരുവിയുടെ വീട് 33
24. പൂമ്പാറ്റ 35
25. അമൂല്യമായ സമയം 36
26. കുട്ടികളുടെ കലാസൃഷ്ടികൾ 38
27. മനുവിന്റെ സഹായം 39
28. മാന്ത്രിക കുടം 40
29. മൈസൂരിലേക്കൊരു യാത്ര 42
30. ചേട്ടത്തി പ്രാവും അനുജത്തി പ്രാവും 44

31. മായാ പെൻസിലിന്റെ കഥ 45
32. ചങ്ങാത്തം47
33. പാവപ്പെട്ട പെൺകുട്ടി 53
34. പ്രകൃതിയാകുന്ന ലഹരി 54
35. വൃക്ഷങ്ങൾ ദൈവത്തിന്റെ ദാനം 55
36. വിടചൊല്ലും മുൻപേ 57
37. BOOKS 58
38. ചന്ദ്രന് വിവിധ രൂപങ്ങൾ ആയതെങ്ങനെ? 59
39. ഭംഗിയില്ലാത്ത താറാക്കുഞ്ഞ് 61
40. കൃഷിക്കൊപ്പം 63
41. ഉറുമ്പും പൂമ്പാറ്റയും 64
42. അമ്മിണി പശുവിന്റെ കൂട്ടുകാർ 65
43. മുയലും പൂച്ചയും 66
44. ഇടവപ്പാതി 67
45. പശി 68
46. അമ്മയുടെ സ്നേഹം 69
47. മരണമേ സ്വസ്തി 70
48. ماء النهر 71
49. രാജ്യവും രാജാവും 72
50. അവളെ കാത്തിരിക്കുകയാണ്74
51. എൻറെ ആ സുന്ദരമായ കാഴ്ചകൾ 77
52. കടലിൽ നിന്നൊരു സ്നേഹ സമ്മാനം 78
53. കുറുക്കനും ആടും 79
54. ശലഭം 81
55. അച്ഛൻ 82
56. ആഗ്രഹങ്ങളുടെ സ്വപ്നം 83
57. കാട്ടുപൂവ് 84
58. പ്രകൃതിയാൽ തന്നെ.. 85

# താൻ കുഴിച്ച കുഴിയിൽ

കഥ

വൈഗ വിനോദ്  5 D




പണ്ടൊരു കാട്ടിൽ ഒരു ദുഷ്ടനായ സിംഹം താമസിച്ചിരുന്നു. ആ കാടിന്റെ രാജാവായിരുന്നു അവൻ. ഓരോ ദിവസം കൂടുംതോറും ആ ദുഷ്ടനായ സിംഹം ഓരോ മൃഗങ്ങളെയും കൊന്നു തിന്നുമായിരുന്നു. അങ്ങനെ ആ കാട്ടിൽ ഒരു ജീവി പോലും ഇല്ലാതായി. അവന് പതിവുപോലെ വിശക്കാൻ തുടങ്ങി. പക്ഷേ കഴിക്കാൻ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. അവന് വളരെ വിഷമമായി. അങ്ങനെ വിശന്നു വിശന്നവൻ കാട്ടിലൂടെ നടക്കുമ്പോഴാണ് ഒരു വേടന്റെ കെണിയിൽ വീണത്. രക്ഷപ്പെടാൻ ആവാതെ അവൻ സങ്കടത്തോടെ തലകുനിച്ചു. എന്നിട്ട് അവന്റെ കാടിനെക്കുറിച്ച് ഓർത്തു.

ഒരു കാടിന്റെ രാജാവായിട്ട് പോലും പ്രജകളുടെ വിഷമം അറിയുന്നതിന് പകരം അവരെ എല്ലാം ഞാൻ കൊന്നൊടുക്കി. അതിനുള്ള ശിക്ഷയാണ് ഞാനിപ്പോൾ അനുഭവിക്കുന്നത്. അവൻ ആ കൂട്ടിൽ കിടന്നു ചിന്തിച്ചു. എന്നിട്ട് വിമ്മി വിമ്മി കരഞ്ഞു.

# വിഷമില്ലാത്ത ജീവിതം

കഥ
അഭിനവ് എൻ കെ 6C



ഈ കഥ നടക്കുന്നത് തമിഴ്നാട്ടിലെ ഒരു ചെറിയ ഗ്രാമത്തിലാണ്. എങ്ങും പച്ചപ്പും അരുവികളുമായ മനോഹരമായ കൊച്ചു ഗ്രാമം. ആ ഗ്രാമത്തിൽ ഒരു അച്ഛനും അമ്മയും മോളും താമസിച്ചിരുന്നു. സെൽവി എന്നായിരുന്നു മോളുടെ പേര്. സ്കൂൾവിട്ട് വീട്ടിലെത്തിയാൽ അവൾ അച്ഛൻറെ കൃഷി സ്ഥലത്ത് ഓടി നടക്കുമായിരുന്നു. വിളകൾക്ക് വെള്ളം നനയ്ക്കാനും വിളയ്ക്ക് വളം ഇടാനും വിളവ് എടുക്കാനും അവൾക്ക് വലിയ ഉത്സാഹം ആയിരുന്നു.

അങ്ങനെ സന്തോഷത്തോടെയും സമാധാനത്തോടെയും കഴിയുന്ന സമയത്ത് സെൽവിയുടെ അമ്മയ്ക്ക് സുഖമില്ലാതെ ആകുന്നു. കുറെ ചികിത്സിച്ചു. മാറ്റമൊന്നും കണ്ടില്ല. സെൽവിക്ക് ആകെ വിഷമമായി. അങ്ങനെയിരിക്കെ ഡോക്ടർ അച്ഛനോട് പറഞ്ഞു: "നിങ്ങളുടെ ഭാര്യക്ക് കാൻസറാണ്. ഇവിടെയൊന്നും ചികിത്സിച്ചിട്ട് കാര്യമില്ല. കേരളത്തിൽ കൊണ്ടുപോകണം. തിരുവനന്തപുരം ജില്ലയിൽ റീജിയണൽ ക്യാൻസർ സെൻററിൽ പോകണം." വളരെ പ്രതീക്ഷയോടെ അവർ മൂന്നുപേരും യാത്രതിരിച്ചു. അങ്ങനെ അവർ ആശുപത്രിയിൽ എത്തി. ഡോക്ടർ പരിശോധിക്കുവാൻ തുടങ്ങി. അപ്പോൾ സെൽവി ആശുപത്രി പരിസരം ചുറ്റി നടന്നു. അവിടെയുള്ളവരെ കണ്ടപ്പോൾ അവൾക്ക് വിഷമമായി. അവളുടെ പ്രായത്തിലുള്ള ഒരുപാട് കുട്ടികൾക്ക് ക്യാൻസർ ബാധിച്ചിരുന്നു. അവൾ ഡോക്ടറോട് ചോദിച്ചു: "എന്തുപറ്റി ഇവർക്ക്? ഈ പ്രായത്തിലും അസുഖം വരാൻ?" ഡോക്ടർ പറഞ്ഞു: "വിഷമുള്ള പച്ചക്കറികളും പഴവർഗങ്ങളും ആണ് പ്രധാന കാരണം. തമിഴ്നാട്ടിൽ നിന്നും

കേരളത്തിൽ എത്തുന്ന പച്ചക്കറികൾ വിഷം അടിച്ചാണ് കേരളത്തിൽ എത്തുന്നത്. ഇത് കഴിക്കുന്ന കുട്ടികൾക്ക് വേഗം ക്യാൻസർ പോലുള്ള അസുഖം വരും." ഇത് കേട്ടപ്പോൾ അവൾ ആലോചിച്ചു. എന്റെ അച്ഛനും ചെറിയ രീതിയിൽ വിഷം അടിക്കാറുണ്ട്. അവൾ അതിനെപ്പറ്റി അച്ഛനോട് ചോദിച്ചു. അച്ഛൻ പറഞ്ഞു: "ലാഭം കിട്ടാൻ വേണ്ടിയാണ് വിഷമടിക്കുന്നത് മോളെ.." അവൾ അച്ഛനോട് പറഞ്ഞു: "അച്ഛാ നമുക്കിനി വിഷം അടിച്ച പച്ചക്കറി വേണ്ട. നല്ല പച്ചക്കറി മാത്രം കേരളത്തിൽ കൊടുത്താൽ മതി. ഇനി ഒരു കുട്ടി പോലും ക്യാൻസർ ബാധിച്ച് കിടക്കാൻ പാടില്ല."

# പൂവുകളല്ലേ നാം

കവിത
വൈഗ.എൻ 9B

നാളേറെയായില്ലേ കാത്തുനിൽക്കുന്നു നീ
വാനോളം പാറിപ്പറക്കുവാനായി
നിത്യവും നിന്നെ തലോടും കുളിർകാറ്റും
വള്ളികളും ചില ചില്ലകളും
അപ്പുറം കാണുവാൻ ഒന്നുമില്ലൊന്നും
ഇത്രനാളും നീയെൻകൂടെയല്ലേ?
ഒഴുകുന്ന പുഴയും കാനന ഗീതവും
എന്നുമെന്നും നാം കേൾക്കാറില്ലേ?
ഇക്കണ്ട ലോകങ്ങൾ മാത്രം മതി
ഇത്തിരി നേരമേ ഇനിയുമുള്ളൂ
നിന്റെയീ യൗവനം കഴിയും മുമ്പേ
നിനക്കീയാഗ്രഹം ഇല്ലാതാവും
പാറിപ്പറക്കുവാൻ നിനക്കതു കഴിയില്ല
പറവകൾ നോക്കി കളിയാക്കുന്നു.
പൂവുകളല്ലേ നാമെന്ന വർഗ്ഗം
പൂന്തേൻ നൽകി കഴിയേണ്ടി വന്നവർ
വണ്ടുകൾ വന്നെത്തും നേരത്ത് പൂമ്പൊടി
നൽകിക്കഴിയേണ്ടവർ



# ഒരു യാത്ര അനുഭവം

യാത്രാവിവരണം
നിജിയ മനോജ് 9D



ഞാൻ ഒരു യാത്ര പോവുകയാണ്. രാവിലെ അഞ്ച് മണിയോടെ യാത്ര ആരംഭിച്ചു. ഞാൻ പോകുന്നത് ഒരു പാർക്കിലേക്കാണ്. ഞാനും എന്റെ കൂട്ടുകാരും കൂടിയാണ് പോകുന്നത്. അഞ്ചാം ക്ലാസിലെ അവസാന യാത്രയായിരുന്നു അത്. അഞ്ചാം ക്ലാസിലെ എല്ലാ കൂട്ടുകാരും ഉണ്ടായിരുന്നു. നമ്മൾ പോവുന്നത് നമ്മുടെ നാടായ കണ്ണൂരിലെ വയലപ്ര പാർക്കിലാണ്. ഞാൻ ആ സ്ഥലത്ത് ആദ്യമായിട്ടാണ് പോകുന്നത്. അവിടെ എത്തിയപ്പോൾ ഞങ്ങൾ അമ്പരന്നുപോയി. അവിടേക്ക് കയറുന്നത് ഒരു പാലത്തിന്റെ മുകളിലൂടെയാണ്. ആ പാർക്ക് ഒരു പുഴയുടെ നടുവിലാണ് സ്ഥിതി ചെയ്യുന്നത്. അവിടെ ബോട്ടിംഗ് സർവീസ്, റൈഡുകൾ എന്നിവയൊക്കെയുണ്ട്. ഞങ്ങൾ റൈഡിൽ കയറി കളിച്ചു. പിന്നെ ബോട്ടിംഗ് സർവ്വീസ് തുടങ്ങി. അതിൽ കയറി. അതിൽ പാട്ടൊക്കെ ഉണ്ടായിരുന്നു. നമ്മളെല്ലാവരും ഡാൻസ് കളിച്ചു. ആ പുഴയിൽ നമ്മൾ ഇതുവരെ കാണാത്ത ഒരു മീനിനെ കണ്ടു. ടീച്ചർ പറഞ്ഞു അതിന്റെ പേര് ജെല്ലി ഫിഷ് ആണെന്ന്. അതുകഴിഞ്ഞ് ഞങ്ങൾ അവിടുന്ന് മടങ്ങി. ഞങ്ങൾ ചാൽ ബീച്ചിലേക്ക് പോയി. അവിടെ ഒരു വന്യ ജീവി കേന്ദ്രം ഉണ്ടായിരുന്നു. അവിടെയുള്ള മൃഗങ്ങളെ കണ്ട ശേഷം അവിടെ നിന്നിറങ്ങി ബീച്ചിലേക്കു പോയി. മണ്ണപ്പം ചുട്ട് കളിച്ചു. പിന്നീട് അവിടെ നിന്ന് ഡ്രസ്സ് മാറ്റി ബസ്സിൽ കയറി ഇരുന്നു. ബസ്സ് വിട്ടതിനു ശേഷം ബാക്ക് സീറ്റിൽ പോയി ഡാൻസ് കളിച്ചു. പത്തുമണിയോടെ തിരിച്ചെത്തി. എന്റെ ജീവിതത്തിലെ മറക്കാൻ കഴിയാത്ത ഒരു അനുഭവമാണിത്.

# പ്രഭാതം

കവിത

റിയ പ്രദീപ് കെ പി 9E

ഏഴഴകുള്ളൊരു തേരിലേറി
എത്തും പുലർക്കാലത്തരുണദേവൻ...
പ്രകൃതിയെ മെല്ലെവേ തൊട്ടുണർത്തി
സ്വർണ്ണ വർണ്ണങ്ങൾ വിതറിടുന്നു...
ചാഞ്ചാടിയാടുന്നു മാമരങ്ങൾ
ഗാനം പൊഴിക്കുന്നു കിളിതൻ കൂട്ടം
പുൽക്കൊടി തുമ്പിലായ് മഞ്ഞുതുള്ളി...
പുഞ്ചിരി തൂകി തിളങ്ങി നിന്നു...
തഴുകിയുണർത്തുന്നിളം തെന്നലിൽ...
പൂവുകൾ മന്ദമായ് കൺതുറന്നു...
മനോഹരമാം പ്രഭാതം വന്നിടുന്നു..



# قطي

القصيدة
شذى فاطمه

عندي في بيتي قطي يضحك يلعب لا يتعب
يجلس قربي بعد اللعب هو يشرب اللبن
عندي في بيتي قطي

قطي حلو المنظر اطعمه سمك الاحضر
فهو لطيف لا يتعبني وهو ظريف كم يعجبني

عندي في بيتي قط

قطي الغالي الابيضر يحزنني لما يمرض
فاناديه واداويه والاعبه واسليه
عندي في بيتي قطي



# हम फूल हैं

कविता

वैगा एन 9B

क्या आप लंबे समय से इंतजार नहीं कर रहे थे?
आसमान तक उड़ने के लिए.
हवा आपको हमेशा गर्म रखेगी
वालिस और कुछ टहनियाँ।
इसके परे देखने के लिए कुछ भी नहीं है
क्या तुम इतने समय से मेरे साथ नहीं हो?
बहती नदी और कनाना का गीत
क्या हम यह नहीं सुनते?
ये दो दुनियाएँ ही काफी हैं
बस थोड़ी देर और
तुम्हारी जवानी ख़त्म हो गयी है
आपकी कोई इच्छा नहीं होगी.
तुम उड़ नहीं सकते
बस पक्षियों का मज़ाक उड़ाओ. क्या हम फूल नहीं हैं?
जिन्हें पूनटेन को भुगतान करना था।
जिन्हें भृंगों के आने से पहले परागण करने में सक्षम होना चाहिए।



# ചിന്താമയമോ ഈ ജീവിതം

കവിത
സാധിക കെ 7C

ഇലകളിന്നിതാ പൂങ്കാറ്റുപോൽ
തറയിൽ പതിക്കുന്നൊരിളംകാറ്റിനാൽ
ആ കരങ്ങൾ പതിച്ചിരുന്ന
ചിത്രം പതിച്ചൊരാ ഇലകൾ തൻമേൽ
കുഞ്ഞുപാദങ്ങളാൽ ശിരസ്സുയർത്തി
അവളിന്നെഴുന്നേറ്റുനിൽപ്പൂ
ഇന്നീനിമിഷമവൾ സ്മരിപ്പൂ
നോവാൽപൊലിഞ്ഞൊരാപെൺജീവിതം
കുഞ്ഞുകരങ്ങൾതൻ ആനനത്തിൽ
കണ്ണീർതുടയ്ക്കാൻ തുടിക്കുന്നിതാ
വെമ്പുന്നിതാ മനം വിങ്ങി വിങ്ങി
ജീവിതത്തിലേറ്റൊരീപാടിനാലേ
ഇന്നിതായായൊരദ്ധ്യായമോർപ്പൂ
ചിന്തകൾ മൂടിയാ ജീവിതത്താൽ



# ഭക്ഷണത്തിന്റെ മൂല്യം

കഥ

നാസിയ നൗഷാദ് 6A




ഒരു സമയത്തിൽ മേൽപൂർ എന്ന ഗ്രാമത്തിൽ രമേശ് തന്റെ മകളോട് ഒപ്പം ജീവിച്ചിരുന്നു. അദ്ദേഹം വളരെ പാവപ്പെട്ടവൻ ആണ്. അദ്ദേഹം ചെരുപ്പ് തയ്ക്കുന്ന ജോലി ചെയ്തു കുടുംബം പോറ്റിക്കൊണ്ടിരുന്നു. ഒരു ദിവസം നല്ല മഴയായിരുന്നു. കാൽ സ്ലിപ്പ് ആയി അദ്ദേഹം താഴേക്ക് വീണു. അങ്ങനെ അദ്ദേഹത്തിന്റെ ഒരു കാലൊടിഞ്ഞുപോയി. വീട്ടിലേക്ക് വന്നു. "മോളെ.. മീന.. നീ എവിടെയാ ഉള്ളേ? നീ എന്നെ ഒന്ന് സഹായിക്കു.." അവരെ കണ്ടപ്പോൾ അവൾ കരഞ്ഞു പോയി. എന്നിട്ട് ചോദിച്ചു: "നിങ്ങൾക്ക് എങ്ങനെയാണ് ഇങ്ങനെ പറ്റിയത്?" രമേശ് വഴിയിൽ നടന്ന കാര്യങ്ങളൊക്കെ പറഞ്ഞു. ഇത് കേട്ടിട്ട് മീന ആലോചിച്ചു. ഇപ്പോൾ എങ്ങനെയാണ് വീട് നടക്കുന്നത്? വീട്ടിൽ കുറച്ച് സാധനങ്ങളെയുള്ളൂ.. പിന്നെ നല്ല മഴയുണ്ട്. ജോലി തിരഞ്ഞ് എവിടെയും പോകാൻ പറ്റില്ല.

അടുത്ത് ഒരു വീടുണ്ടായിരുന്നു. അവൻ പണക്കാരനായിരുന്നു. അദ്ദേഹത്തിന് ഒരു മകനുണ്ട്. അവന്റെ പേര് ഗോപാൽ. അവൻ വളരെ അഹങ്കാരിയായ മകനാണ്. കുറച്ചു ദിവസങ്ങൾ മുൻപാണ് മീനയുടെ അച്ഛൻ ഗോപാലിനോട് പറയുന്നത് അപ്പോഴാണ് മീനെ കേട്ടത്. എൻറെ വീട്ടിൽ ജോലി ചെയ്യാൻ ആള് വേണമെന്ന് അവരോട് പറഞ്ഞു. പണക്കാരുടെ വീട്ടിൽ ചെന്ന് മീന ചോദിച്ചു. "മാമാ എന്റെ വീട്ടിൽ ജോലി ചെയ്യാൻ ആളു വേണം. അത് ആവശ്യമാണ്." "പക്ഷേ നീ എന്തിനാണ് വിഷമിക്കുന്നത്?" "മാമാ.. എനിക്ക് ആ ജോലി അത്യാവശ്യമാണ്.

എൻറെ അച്ഛൻറെ കാലൊടിഞ്ഞിട്ടാണുള്ളത്. അതുകൊണ്ട് അച്ഛന് എന്നും ചെയ്യാൻ പറ്റില്ല." പക്ഷെ ആ പണക്കാരൻ അവൾക്ക് ജോലി കൊടുത്തില്ല.


അവൾക്ക് മറ്റ് ജോലികൾ ഒന്നും ലഭിച്ചില്ല. അവർ പട്ടിണിയായി. കുറേ ദിവസം ഭക്ഷണം കഴിക്കാതെ നിന്നു. എന്ത് ചെയ്യണം എന്നറിയാതെ അവർ ജീവിതം കഴിച്ചുകൂട്ടി. അങ്ങനെ അവർ ഭക്ഷണത്തിന്റെ വില അറിഞ്ഞു.

# നല്ല മഴ

കവിത

വൈദിക് 2A

നല്ല മഴ ഭംഗിയായ മഴ
മേഘങ്ങൾ വന്നു മഴ പെയ്യും
മഴകൾ വന്നു പൂക്കളിൽ വീണാൽ
വിരിയുമെല്ലോ ആ പൂക്കൾ
മഴ മഴ മഴ മഴ
നല്ല മഴ



# വാർമഴ

കവിത

അനനന്ദ കെ 9E


എടവപ്പാതി ആരംഭമഴയായി തുടങ്ങി...
ഇടിമിന്നൽ നാദത്തോടെ മിഥുനം തുടങ്ങി...
ഹാ.. എന്തുമഴ.. വാർമഴ..
കർക്കിട മാസമാം ഇരുട്ടാൽ മൂടി
ചോരാതെ മഴയായി പെയ്തു തുടങ്ങി...
ഹാ.. എന്തുമഴ.. വാർമഴ..
ചിങ്ങത്തിൽ ചിന്നി ചിന്നി
പെയ്തു അത്ത പൂക്കള മഴ
ഹാ.. എന്തുമഴ.. വാർമഴ..
കന്നികൊയ്ത്ത് തുടങ്ങിയ നേരം
വന്നല്ലോ ചെറുമഴയായി വന്നല്ലോ മഴ
ഹാ.. എന്തുമഴ.. വാർമഴ..
തുലാം മാസം വന്നല്ലോ തെയ്യക്കാലം വന്നല്ലോ...
കാറ്റു പേമാരിയുമായി തുലാവർഷം വന്നല്ലോ
ഹാ.. എന്തുമഴ.. വാർമഴ..



# എന്റെ വിദ്യാലയം

ആസ്വാദന കുറിപ്പ്
അമാനുൽ ഹഖ് 5A

മഹാകവി ഒളപ്പമണ്ണ എഴുതിയ ജാലക പക്ഷി എന്ന കവിതയിലെ ഏതാനും വരികൾ ആണ് 'എന്റെ വിദ്യാലയം' എന്ന കവിതയിലുള്ളത്. കവിതയിൽ അദ്ദേഹം പറയുന്ന 'മിന്നിതാ ചിരിക്കുന്നു പാലോളി ചിതറുന്നു'. ഇദ്ദേഹം ഇതിൽ ഉദ്ദേശിക്കുന്നത് ഇന്ന് ഇതാ ചിരിക്കുന്നു എന്നതാണ്. ഇദ്ദേഹം ഇതിൽ പറയുന്നത് തനിക്ക് തന്റെ വിദ്യാലയം എന്ന പറഞ്ഞാൽ മനോഹരമായ പൂന്തോട്ടമാണ്. അദ്ദേഹത്തിന്റെ അധ്യാപകന്മാർ പൂവുകളും മറ്റു ചെടികളും ആണ്. എനിക്ക് ഇതിൽ ഇഷ്ടപ്പെട്ട വരികളാണ് 'മധുരമീ ജീവിതം ചെറുതാണെങ്കിലും പരർതൻ കഷ്ടപ്പാടും'. ഇതിൽ ഉദ്ദേശിക്കുന്നത് നമ്മൾ റോസ പൂവിനെ കാണുമ്പോൾ വിചാരിക്കും എത്ര എന്ത് മനോഹരമായ ജീവിതം ആണ് എന്ന്. പക്ഷേ അതിന്റെ മുള്ളുകൾ എത്ര ചെറുതാണെങ്കിലും അത് നമ്മളെ പ്രയാസപ്പെടുത്തുന്നു. അദ്ദേഹം എഴുതിയ ഈ കവിത ഏതൊരു വായനക്കാരനും കണ്ടാൽ വായിക്കാൻ പറ്റുന്നതാണ്. ഇതിൽ ഒരേ അക്ഷരം തന്നെ ആവർത്തിച്ച് വരുന്നതിനാൽ കവിതയ്ക്ക് ഭംഗി കൂടുന്നു.



# ഒരു കുട്ടി പാട്ട്

സമ്പാദനം
ആയിശ സത്താർ വി കെ 3A

ആരംഭമോളായി എന്നും വളർന്നു
വലുതായി വലുതായി മോളേ മോളേ..

മിന്നങ്ങും മിന്നാ മിന്നങ്ങേ മിന്നി മിന്നി തേടുവ താരേ
വരുമോ ചാരേ നിന്നച്ഛൻ..


കാതൊന്നു കുത്തീട്ട് മാണിക്യക്കല്ലിൻ്റെ കമ്മലിടുന്നേരം
തേങ്ങലുമാറ്റുവാൻ തോളത്തെടുത്തിട്ട് പാട്ടും പാടീലേ..



# മഴയും മഴവില്ലും

കവിത
വൈഗ എൻ 9B

ആഗമിക്കുന്ന നീ ളുവെള്ള മാനത്ത്
പുഞ്ചിരി ളുകുന്ന പൈതങ്ങൾ
വിരമിക്കുന്ന ഞാൻ കാർമേഘമാനത്ത്
പുഞ്ചിരി ളുകുന്ന പൂമ്പാറ്റകൾ
നാളൊന്നുവരുമീ മാനത്ത്
പൈതങ്ങളും പൂമ്പാറ്റകളും
നിറത്തിന്റെ രാജ്ഞിയാം നീയും ക്കുടെ
കൈനിറയെ ജലവുമായി ഞാനും
രണ്ടും നമുക്ക് നൽകാനി
താഴെ പ്രകൃതിയാം അമ്മ ഉണ്ടവിടെ.




# അമ്മുവിന് സംഭവിച്ച തെറ്റ്

കഥ

ഫൈഹ ഫാത്തിമ. സി. കെ 5A

"അമ്മൂ വരൂ കളിക്കാം" അപ്പു പറഞ്ഞു. "ദാ വരുന്നു അപ്പൂ" അമ്മുവും പറഞ്ഞു. അപ്പുവിന്റെ സഹോദരിയാണ് അമ്മു. രണ്ടു പേരും ഒളിച്ചും പൊതിയും കളിക്കാൻ തീരുമാനിച്ചു. അപ്പു പറഞ്ഞു "ഞാൻ പോത്താം, നീ ഒളിച്ചോ" അമ്മു ശരി വെച്ചു.

കളി തുടങ്ങി, അമ്മു ഓടിച്ചെന്ന് റോസാചെടികളുടെ പിന്നിലായി ഒളിച്ചുനിന്നു.റോസാചെടി തന്റെ ഇതളുകൾ കൊണ്ട് അമ്മുവിനെ മറച്ചു. അപ്പു എണ്ണിക്കഴിയാറായി. "എട്ട്, ഒൻപത്, പത്ത്". അപ്പു അമ്മുവിനെ കണ്ടുപിടിക്കാൻ തുടങ്ങി. അപ്പുവിന് അമ്മുവിനെ കിട്ടിയതേയില്ല. അപ്പു അല്പം കൂടി നീങ്ങിയതും അമ്മു നിലവിളിച്ചു, "അയ്യോ". "എന്താ.. എന്താ.. പറ്റിയത്?" അപ്പു ഓടിച്ചെന്ന് ചോദിച്ചു. അമ്മുവിന്റെ കയ്യിൽ മുള്ള് കയറിയതായിരുന്നു അത്. "നീ എന്തിനാ ഇവിടെ ഒളിച്ചത്..... അതുകൊണ്ടല്ലേ നിന്റെ കയ്യിൽ മുള്ള് കയറിയത് " അപ്പു പറഞ്ഞു. അമ്മുവിന് സംഭവിച്ച ഈ കാരണത്താൽ അവൾ റോസാചെടിയെ മുറിച്ച് മാറ്റി.



റോസാചെടികളുടെ കൂടെ മറ്റു

പല മനോഹരമായ ചെടികൾ കൂടി ഉണ്ടായിരുന്നു. എങ്കിലും റോസാച്ചെടികളിലെ പൂക്കളായിരുന്നു ആ മുറ്റത്തെ ഭംഗി കൂട്ടിയിരുന്നത്.


അടുത്ത ദിവസം അമ്മു വരാന്തയിൽ ഇരുന്ന് പുറത്തുള്ള കാഴ്ചകൾ നോക്കി. എന്നാൽ എപ്പോഴും കാണുന്ന ഭംഗി അവിടെയുണ്ടായിരുന്നില്ല. വിരിഞ്ഞു നിൽക്കുന്ന റോസപ്പൂക്കളിലായിരുന്നു അവൾ ഭംഗി ആസ്വദിച്ചിരുന്നത്. റോസാചെടി അവിടെയില്ലാത്തതിനാൽ അവൾ സങ്കടത്തിലായി. കുറച്ച് സമയം കഴിഞ്ഞ ത്തോടെ അപ്പു അവിടെ വന്നു. അവൻ അമ്മുവിനോട് ചോദിച്ചു "എന്താ, മുഖത്തൊരു സന്തോഷമില്ലല്ലോ!". അമ്മു പറഞ്ഞു " ആ റോസാചെടിയെ മുറിക്കണ്ടായിരുന്നു". അമ്മുവിന്റെ സങ്കടം മനസ്സിലാക്കിയ അപ്പു പറഞ്ഞു: "നീ വിഷമിക്കേണ്ട, നമുക്ക് പുതിയൊരു റോസാ ചെടി വാങ്ങി നടാം". അത് കേട്ടതും അമ്മുവിന് സന്തോഷമായി.

അടുത്ത ദിവസം അപ്പു റോസാ ചെടി വാങ്ങി. അപ്പു പറഞ്ഞു "അമ്മൂ വരൂ നമുക്ക് ഈ ചെടി നടാം". അവർ രണ്ടുപേരും ചെടി നട്ടുപിടിപ്പിച്ചു. അമ്മു ദിവസവും ആ ചെടിക്ക് വെള്ളമൊഴിച്ച് കൊടുത്തു. കുറച്ച് ദിവസങ്ങൾ കഴിഞ്ഞതോടെ റോസാ ചെടി വളർന്നു വലുതായി മൊട്ടുകളിട്ട് പൂക്കൾ വിടർന്നു. പിന്നീട് അവൾ ഒരിക്കലും ഒന്നിനെയും വേദനിപ്പിച്ചിട്ടില്ല.

# കുഞ്ഞിപൂമ്പാറ്റ

കവിത
ഗൗരിനന്ദ 3A

കുഞ്ഞിപ്പൂമ്പാറ്റേ പാറിവാ നീ പാറിവാ...
തേൻ കുടിക്കാൻ പാറിവാ നീ പാറിവാ...
വന്നില്ലെങ്കിൽ തേനുകൾ ഞാൻ തരില്ലല്ലോ...
തരില്ലല്ലോ ഞാൻ. കുഞ്ഞിപ്പൂമ്പാറ്റേവാ...
കുഞ്ഞിപ്പൂമ്പാറ്റേവാ...



# പാൽക്കാരിയുടെ സ്വപ്നം

കഥ
റന ഫാത്തിമ 8A

ഒരു ഗ്രാമത്തിൽ ഗീത എന്ന് പേരുള്ള ഒരു പെൺകുട്ടി ജീവിച്ചിരുന്നു.അവളുടെ അമ്മൂമ്മയുടെ കൂടെയാണ് അവൾ ജീവിക്കുന്നത്. അവൾ ഒരു അതീവ സുന്ദരി ആയിരുന്നു പക്ഷെ അവളുടെ ജീവിതം അത്ര സുഖകരമായിരുന്നില്ല. അവൾ ഒരു പാൽക്കാരി ആയിരുന്നു. അവൾക്ക് രണ്ട് പശുക്കൾ ആണ് ഉണ്ടായിരുന്നത്. അവൾ പാൽ കറന്ന് അടുത്ത നഗരത്തിൽ പോയി വിൽക്കും. എന്നിട്ട് കിട്ടുന്ന പൈസ വീട്ടിൽ കൊണ്ട് പോയി അമ്മൂമ്മക്ക് കൊടുക്കും. സീത അവളുടെ പശുക്കളെ നല്ലതുപോലെ നോക്കുമായിരുന്നു. പക്ഷെ അവൾ ഭയങ്കര പകൽ സ്വപ്നക്കാരിയായിരുന്നു.



അങ്ങനെ അവൾ ഒരു ദിവസം സ്വപ്നം കണ്ടു കൊണ്ടിരിക്കുമ്പോൾ അമ്മൂമ്മ പറഞ്ഞു: "നിനക്ക് സ്വപ്നം കണ്ടിരിക്കാൻ മാത്രമേ പറ്റൂ.. അത് സാധിപ്പിക്കാൻ പറ്റില്ല." അങ്ങനെ പാൽക്കാരി അടുത്ത നഗരത്തിൽ പോവുന്നതിനിടയിൽ വെച്ച ഒരു രാജാവ് അവളെ കണ്ടു. അവളെ കണ്ടപ്പോൾ തന്നെ രാജാവിന് അവളെ ഇഷ്ടമായി. രാജാവ് അവളെ പിന്തുടർന്നു. അങ്ങനെ രണ്ടു മൂന്ന് ദിവസം ഇത് തന്നെ സംഭവിച്ചു. അങ്ങനെ ഒരു ദിവസം രാജാവ് അവളെ സ്വന്തമാക്കാൻ വേണ്ടി ഒരു മത്സരം വെച്ചു. നല്ല സുന്ദരികൾ വന്ന് ഡാൻസ് കളിക്കണം അതിൽ രാജ്ജാവിന് ഇഷ്ടപ്പെടുന്നവരെ രാജാവ് വിവാഹം കഴിക്കും. അങ്ങനെ മത്സര ദിനം എത്തി. കുറേ പെൺകുട്ടികൾ വന്നു. അതേ പോലെ നമ്മുടെ ഗീതയും വന്നു. അങ്ങനെ ഓരോരുത്തരുമായി ഡാൻസ് കളിക്കാൻ തുടങ്ങി. ഗീതയുടെ ഡാൻസ് ആയിരുന്നു രാജാവിനെ ഏറ്റവും ഇഷ്ടപ്പെട്ടത്. അങ്ങനെ ഗീതയുടെയും രാജാവിന്റെയും വിവാഹം നടന്നു. പെട്ടെന്ന് അവൾ താഴെ വീണു. അപ്പോഴാണ് അവൾക്ക് മനസ്സിലായത് ഇത്രയും നേരം കണ്ടത് വെറും സ്വപ്നം ആണെന്ന്. അങ്ങനെ ഗീതയുടെ ജീവിതം പിന്നെയും പാലിൽ തന്നെ!

# ചിതയിലൊടുങ്ങുന്നിതായെൻ ജീവനും

കവിത


ഗോകില കെ 9C

പടിവാതിൽക്കൽ വന്നു നിൽക്കുന്നു ചാരെ
നിൻമുഖം അവസാനമായൊന്നു കാണാൻ
എൻ മനസ്സിൻ പൂട്ടഴിക്കുന്നിതാ
നിന്റെയാ താളുകൾ ഉറ്റുനോക്കി
ജീവിതമെന്നൊരാ നടുവരിപ്പാതയിൽ
നിന്നൊരാമുഖം ഞാനെൻ മനസ്സിൽകാണേ
ചിതയിലെരിയുന്നിതാ അവളുമാപ്രാണനും
കത്തിജ്വലിക്കുന്ന ചിതയടുപ്പിൽ
എൻ മുമ്പിലെരിയുന്നിതാ പ്രാണൻ
കണ്ണീരൊഴുക്കീ ഞാൻ നിൽപ്പൂ
അവസാനമായൊന്നുകാണാൻ
കഴിയാതെ പോകുന്നിതായെൻ ജീവൻ
വിടയൊന്നുചൊല്ലാതെ നീ പോയതോ
വിരഹദുഃഖത്താൽ ഞാനിവിടെയെങ്ങോ
ജീവിതമെന്തെന്നറിയുവാനായ്
ഇനിയെത്ര നാളുകൾ ബാക്കിനിൽപ്പൂ
നീയെന്നസ്വപ്നത്തിൽ മാത്രമോതി
ഞാനെന്നെറിയുന്നിതായെൻ ജീവനും
നീയെന്നൊരാ പ്രതീക്ഷമാത്രം
ഏകനായ് ഞാനീ പ്രപഞ്ചത്തിലോ
ഇനിയൊരീ ജന്മത്തിനാവുമോ പകരമായ്
അശ്രുക്കളൊഴുകുന്നൊരീ പ്രപഞ്ചം



# കോവിഡ് കാലം

അനുഭവക്കുറിപ്പ്
നിജിയ മനോജ് 9D



കോവിഡ് 19 എന്ന മഹാമാരി കാരണം 2023 എന്ന കാലഘട്ടം വന്നതിനു ശേഷം എല്ലാവരുടെയും പ്രതിരോധശേഷി കുറയുന്നൊരവസ്ഥയായിരുന്നു. ഒട്ടുമിക്ക പ്രദേശങ്ങളിലും കോവിഡ് 19 എന്ന മഹാമാരി വ്യാപിച്ചിരുന്നു. എങ്കിലും എന്റെ വീട്ടിൽ എനിക്ക് വലിയൊരു അനുഭവം തന്നെ ഉണ്ടായി. കൊറോണ എന്റെ അച്ഛന്റെ അനിയന് പിടിപെട്ടു. പിന്നീട് അച്ഛനും അത് ബാധിച്ചു. ഇവിടെ എല്ലാവർക്കും വന്നു. ഏകദേശം രണ്ട് മാസത്തോളം ഞങ്ങൾ വീട്ടിൽ തന്നെ ആയിരുന്നു. എങ്കിലും ആ മഹാമാരി ഞങ്ങളെ വിട്ട് പോകുന്നില്ല. എന്റെ വീട്ടിലെ രണ്ടുപേർ മരണപ്പെട്ടു. എനിക്ക് വിശ്വസിക്കാൻ പറ്റാത്ത അവസ്ഥയായിരുന്നു. എന്റെ അച്ഛാച്ഛൻ മരിച്ചു. അത് കഴിഞ്ഞ് 9 ദിവസം കഴിഞ്ഞപ്പോൾ അമ്മൂമ മരണപ്പെട്ടു. ഒരു ദുഃഖ നിമിഷമായിരുന്നു അത്. എനിക്ക് തീരെ വയ്യാത്തൊരു അവസ്ഥയായിരുന്നു. എനിക്ക് രണ്ട് ദിവസങ്ങളോളം ഒരു ദുരന്തം വന്നു വീണ ദിവസങ്ങളായി മാറിയിരുന്നു. വീട്ടിൽ ഒരു ഒറ്റപ്പെട്ട അവസ്ഥയായിരുന്നു അന്ന് എന്റേത്. കുറേ കഴിഞ്ഞതിന് ശേഷം എല്ലാവരുടെയും അസുഖം മാറിയിരിക്കുമ്പോൾ പെട്ടെന്ന് എന്റെ അച്ഛന് പിന്നെയും കോവിഡ് വന്നു. അച്ഛൻ വേറെ വീട്ടിൽ മാറി താമസിച്ചു. ഏകദേശം രണ്ട് മാസത്തോളം ക്വാറന്റൈനിലിരുന്നു.

കോവിഡ് 19 വ്യാപിച്ചതിനു ശേഷം പല പല ഇടങ്ങളിലെ ജനങ്ങൾക്ക് അവരുടെ കുടുംബക്കാരെ നഷ്ടമായ അവസ്ഥയായിരുന്നു. എങ്കിലും അവരുടെ വിയോഗം എനിക്ക് അംഗീകരിക്കാൻ പറ്റാത്ത അവസ്ഥയായിരുന്നു. ഞാനതിൽ നിന്നും ഇപ്പോഴും പൂർണ്ണമായും മാറിയിട്ടില്ല. അവർ മരണപ്പെട്ടുവെന്ന് വിശ്വാസം വരുന്നില്ല. എന്നോടൊപ്പം അവർ ഇപ്പോഴും ഉണ്ടെന്ന പൂർണ്ണ വിശ്വാസത്തോട് കൂടിയാണ് ഞാൻ ഇപ്പാഴും മുന്നോട്ട് പോകുന്നത്. എന്റെ ജീവിതത്തിലെ ഈ അനുഭവം ആർക്കും ഇല്ലാതിരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

# മാലിന്യം എന്ന വെല്ലുവിളി

ലേഖനം

ഹരികൃഷ്ണ 6E

മാലിന്യം എന്നത് ഈ ലോകം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ്. മൃഗങ്ങൾക്കും പ്രകൃതിക്കും മനുഷ്യർക്കും ഒരു വലിയ വെല്ലുവിളിയായി മാലിന്യങ്ങൾ മാറിയിട്ടുണ്ട്. ഈ ഭീഷണി വരാൻ തന്നെ കാരണം മനുഷ്യരുടെ പ്രവൃത്തിയാണ്. മനുഷ്യർ മാലിന്യങ്ങൾ വഴിയോരങ്ങളിലും ജലസ്രോതസ്സുകളിലും എല്ലാം നിക്ഷേപിക്കുന്നു. ഇതുകൊണ്ട് ഉണ്ടാവുന്നത് എലികൾക്കും കൊതുകുകൾക്കും വാസസ്ഥലമാകുന്നു എന്നതാണ് ഇതിലൂടെ മനുഷ്യർക്ക് പലപല രോഗങ്ങളും വരുന്നു.



പിന്നെ മാലിന്യങ്ങൾ കൊണ്ട് ഉണ്ടാകുന്ന ദുരിതങ്ങളാണ് പ്ലാസ്റ്റിക് കത്തിക്കുന്നതും അവ കുഴിച്ചുമൂടുന്നതും. ഇതിലൂടെ വലിയ പ്രശ്നങ്ങൾ പ്രകൃതിക്ക് ഉണ്ടാകുന്നു. ക്യാൻസർ പോലുള്ള രോഗങ്ങൾ പിടിപെടുന്നു. ബ്രഹ്മപുരത്ത് ഈയിടെ ഉണ്ടായത് വലിയ ഒരു അപകടമാണ്. കുന്നുകൾ പോലുള്ള പ്ലാസ്റ്റിക് കൂമ്പാരങ്ങൾ കത്തിയമർന്നു. അതിലൂടെ വായുമലിനമായി. ആ വായു വിശ്വസിക്കുന്ന മനുഷ്യർക്ക് പല രോഗങ്ങളും പിടിപെടാൻ സാധ്യതയുണ്ട്. മാലിന്യത്തിലൂടെ രോഗങ്ങൾ വന്നവർ ഈ ലോകത്ത് ഏറെയാണ്.

മാലിന്യങ്ങൾ കൊണ്ടുള്ള ഭീഷണി വർദ്ധിച്ചുവരുന്ന ഈ സാഹചര്യത്തിൽ ഇതിനെ പ്രതിരോധിക്കേണ്ടത് അനിവാര്യമാണ്. അതിനായി പ്ലാസ്റ്റിക്കുകൾ കത്തിക്കാതിരിക്കുക. മാലിന്യങ്ങൾ വലിച്ചെറിയാതിരിക്കുക. അവ ഹരിത കർമ്മ സേനയ്ക്ക് കൈമാറുക. അവ കൃത്യമായ രീതിയിൽ സംസ്കരിക്കുക. എന്നാൽ മാലിന്യത്തോടുള്ള യുദ്ധത്തിൽ വിജയിക്കാം.

# അമ്പിളിയമ്മാവൻ

കവിത

ശിവഗംഗ. പി. വി 6A

എനിക്കുണ്ടൊരു അമ്മാവൻ
വെള്ള വെളുത്തോരമ്മാവൻ
പുഞ്ചിരിതൂകുന്നൊരാമ്മാവൻ
കാണാൻ ചേലുള്ളോരമ്മാവൻ
ഓടിനടക്കുനോരമ്മാവൻ
ചാടിനടക്കുന്നോരമ്മാവൻ
നമ്മുടെ കൂടെ നടക്കുന്നോരമ്മാവൻ
മാനത്തിരിക്കുന്നോരമ്മാവൻ
സുന്ദരനമ്മാവൻ....നല്ലൊരു സുന്ദരനമ്മാവൻ
നമ്മുടെ സ്വന്തം അമ്പിളിയമ്മാവൻ




# വൈറസാന്ദരം

കവിത
ആവണി പി ഉല്ലാസ്  9A

വൈറസ് വന്നാൽ ഒളിയ്ക്കാൻ ഇടമില്ല
വൈറസിനോടേറ്റു നിൽക്കുവാൻ കെൽപ്പില്ല
ശ്വാസമെടുക്കുവാൻ പോലും കഴിയാതെ
ഭിക്ഷുവെന്നോ ഭിഷഗ്വരനെന്നോ-
വൈറസുകൾക്ക് ഭേദമില്ലല്ലോ

മൂക്കുംമൂടി നാം വായയും മൂടി
തമ്മിൽ തമ്മിൽ അകലത്തിലായി
തൊട്ടുകൂടേന്നും തീണ്ടിക്കൂടേന്നും
വീണ്ടും ഭൂമിയിൽ അയിത്തവുമായി
അവൻ അന്യമായി ഏകനുമായി
ദേഹി ദേഹം വിട്ടകലുമ്പോഴും
കൂടെയില്ലൊരു സ്വന്തവും ബന്ധവും



# അമ്മ കുരുവിയുടെ വീട്

കഥ
റിയ ഫാത്തിമ 5A



പണ്ട് പണ്ടൊരു കാട്ടിൽ ഒരു വലിയ പുഴയുണ്ടായിരുന്നു. ഈ പുഴയിലായിരുന്നു ഒരു ആമ താമസിച്ചിരുന്നത്. ഈ ആമ പുഴയിലും തീരത്തുമായി കളിച്ച് ഉല്ലസിച്ചുകൊണ്ട് കഴിഞ്ഞിരുന്നു. അങ്ങനെയിരിക്കെയാണ് പുഴയുടെ തീരത്തുള്ള മരത്തിൽ ഒരു കുരുവി കൂടുണ്ടാക്കുന്നത് ആമ കണ്ടത്. ഉണങ്ങിയ ചെറിയ കമ്പുകളും ഇലകളും നാരുകളും ഒക്കെ കൊണ്ട് അമ്മ കുരുവി ദിവസങ്ങൾ എടുത്ത് തന്റെ കൂടെ നിർമ്മാണം പൂർത്തിയാക്കി. ആ വീട്ടിൽ താമസവും തുടങ്ങി.

അച്ഛൻ കുരുവിയും അമ്മ കുരുവിയും മൂന്ന് കുഞ്ഞു കുരുവികളും ഒക്കെയായി അവർ ആ വീട്ടിൽ കഴിഞ്ഞു. അമ്മ കുരുവിയുമായി ആമ പെട്ടെന്ന് തന്നെ ചങ്ങാത്തത്തിലായി. ദിവസവും പുഴക്കരയിൽ അവർ സംസാരിച്ചുകൊണ്ടിരിക്കുമായിരുന്നു. ഒരു ദിവസം സംസാരത്തിനിടയിൽ ആമ കുരുവിയുടെ വീടിനെക്കുറിച്ച് പറഞ്ഞു: "നിങ്ങൾക്ക് വീടുണ്ടാക്കാൻ എന്തൊരു ബുദ്ധിമുട്ടാണ്. കമ്പുകളും ഇലകളും നാരുകളും ശേഖരിക്കുവാൻ തന്നെ ദിവസങ്ങൾ വേണ്ടിവരുന്നു. ഇതെല്ലാം കഴിഞ്ഞ് വീടുണ്ടാക്കി കഴിയുമ്പോഴോ അത് കാണാൻ ഒരു ഭംഗിയുമില്ല. മാത്രമല്ല, മേൽക്കൂര ഒന്നുമില്ലാത്തതുകൊണ്ട് മഴപെയ്താൽ നനയുകയും ചെയ്യും." ഇത് കേട്ട അമ്മ കുരുവി ചിരിച്ചു. എന്നാൽ ആമ വീണ്ടും പറഞ്ഞുകൊണ്ടിരുന്നു.. "എനിക്ക് നിങ്ങളെപ്പോലെ കൂടുണ്ടാക്കുകയും ഒന്നും വേണ്ട. എൻറെ പുറംതോട് തന്നെയാണ് എൻറെ വീട്. കൂടാതെ മഴപെയ്യുമ്പോൾ ഞാനതിൽ അഭയം തേടും. ഇത് കേട്ടപ്പോൾ അമ്മ കുരുവി തൻ്റെ സുഹൃത്തായ ആമയോട് പറഞ്ഞു: "നീ പറഞ്ഞത് ശരിയാണ്. ഞങ്ങൾ വളരെ ബുദ്ധിമുട്ടാണ് വീട് പണിയുന്നത്. മാത്രമല്ല എൻറെ വീട് കാണാൻ ഭംഗി ഇല്ലാത്തതുമാണ്. കൂടാതെ മഴ പെയ്യുമ്പോൾ നനയുകയും ചെയ്യും. പക്ഷെ ഈ വീട്ടിൽ ഞാൻ മാത്രമാണോ താമസിക്കുന്നത്. ഞാനും

എൻറെ കുഞ്ഞുങ്ങളും അവരുടെ അച്ഛനും എല്ലാവരും വളരെ സന്തോഷത്തോടെയാണ് താമസിക്കുന്നത്. നിൻറെ പുറംതോട് വീടുപോലെ അഭയം തരും. പക്ഷേ അതിൽ നിനക്ക് മാത്രമേ കഴിയാൻ സാധിക്കു. ഒറ്റയ്ക്ക് ഒരു വീട്ടിൽ കഴിയുന്നതിനേക്കാൾ നല്ലതാണ് എല്ലാവരും ഒരുമിച്ച് സന്തോഷത്തോടെ കഴിയുന്നത്." അമ്മ കുരുവിയുടെ മറുപടി കേട്ട് ആമ ഒരു നിമിഷം ചിന്തിച്ചു. എന്നിട്ട് പറഞ്ഞു: "നീ പറഞ്ഞത് ശരിയാണ്. എന്നോട് ക്ഷമിക്കു. ഒരു വലിയ വീടുണ്ടാക്കുക എന്നതല്ല, ആ വീട് എല്ലാവർക്കും ഒരുമിച്ച് സന്തോഷത്തോടെ താമസിക്കുവാൻ കഴിയുന്നതാവുക എന്നതാണ് പ്രധാനം." അങ്ങനെ വീടിനെ കുറിച്ചുള്ള തൻറെ തെറ്റിദ്ധാരണകൾ എല്ലാം മാറി. അമ്മ കുരുവിയും ആമയും നല്ല സുഹൃത്തുക്കളുമായി ഒരുപാട് കാലം അവിടെ കഴിഞ്ഞു.


ഗുണപാഠം: ഏകാന്തമായ ഒരു മാളികയെക്കാൾ നല്ലത് എല്ലാവരും സന്തോഷത്തോടെ ഒരുമിച്ച് കഴിയുന്ന കൂടാണ്.

# പൂമ്പാറ്റ

കവിത

ദേവജ് 2A

നല്ല പൂമ്പാറ്റ നമ്മുടെ പൂമ്പാറ്റ
നല്ല പൂമ്പാറ്റ നമ്മുടെ പൂമ്പാറ്റ
തേൻ കുടിക്കും പൂമ്പാറ്റ
തേൻ കുടിക്കും പൂമ്പാറ്റ
പൂമ്പാറ്റ പൂമ്പാറ്റ പൂമ്പാറ്റ



# അമൂല്യമായ സമയം

കഥ
ആരോമൽ 8A

ഒരു ലോകം. അവിടത്തെ മനുഷ്യരുടെ ജീവിതം അവരുടെ കൈയിലുണ്ടായിരുന്ന വാച്ചിൽ എത്ര സമാണുള്ളത് അവർ അത്ര സമയം മാത്രം ജീവിച്ചിരിക്കും. അതിനാൽ സമയത്തിനു വേണ്ടിയാണ് അവർ ജോലിക്ക് പോകുന്നത്. ഓരോ ദിവസവും അവർ ചെയ്യുന്ന ജോലിക്ക് കൃത്യമായ ശമ്പളം കിട്ടും. അവിടെ പണത്തിനു പകരം സമയമാണ് ശമ്പളമായി നൽകുന്നത്. ആ രാജ്യത്തെ ഏറ്റവും വലിയ കമ്പനിയായിരുന്നു എസ് എ കമ്പനി. കമ്പനിയുടെ മൊതലാളിയായിരുന്നു സൽമാൻ. അവൻ വളരെ ദുഷ്ടനും സമയ കൊതിയനുമായിരുന്നു. അവന്റെ കയ്യിലുള്ള വാച്ചിൽ തന്നെ എത്രയോ കോടി വർഷത്തെ സമയമുണ്ടായിരുന്നു. അതു കൂടാതെ തന്നെ അവന്റെ ലോക്കറിൽ ഇതിന്റെ പല മടങ്ങ് സമയം ഉണ്ടായിരുന്നു. പക്ഷെ അവന്റെ മകൾക്ക് സമയത്തോട് ആർത്തിയുണ്ടായിരുന്നില്ല. അവൾക്ക് എസ് എ കമ്പനിയിൽ ജോലി ചെയ്യുന്ന ഒരു പാവപ്പെട്ടവനെ ഇഷ്ടമായിരുന്നു. അവൾക്ക് ഇവനെ ഇഷ്ടപ്പെടാനുള്ള കാരണം എന്താണെന്നാൽ ആ കാലത്ത് എല്ലാവരും സമയത്തിനുവേണ്ടി ഓടുമ്പോൾ അവൻ തനിക്ക് കിട്ടിയ സമയം മറ്റുള്ളവർക്ക് പങ്കിടുകയാണ് ചെയ്യുക. ഇവനാണ് നമ്മുടെ കഥയുടെ നായകൻ. ഇവനും ഇവന്റെ അമ്മയുമാണ് വീട്ടിലുള്ളത്. അവന്റെ അമ്മ അവനെയും പ്രതീക്ഷിച്ചുകൊണ്ട് ഉമ്മറത്ത് കാത്തിരിക്കും ആയിരുന്നു.


ഒരു ദിവസം രാവിലെ അമ്മ പറഞ്ഞു: "മോനെ എന്റെ വാച്ചിൽ ഇപ്പോൾ ഇന്നു രാത്രി 7 മണി വരെയുള്ള സമയമേയുള്ളൂ. അതിനാൽ 7 മണിക്ക് മുമ്പു തന്നെ എനിക്ക് സമയം കൊണ്ടുതരണേ." എന്ന് അമ്മ പറഞ്ഞു. കാര്യം കേട്ടതിനു ശേഷം അവൻ ജോലിക്കു പോയി. അന്ന് വൈകുന്നേരം ഒരു പരിപാടി ഉള്ളതിനാൽ അവൻ ഏഴരയ്ക്കാണ് വീട്ടിലെത്തിയത്. അമ്മയെ അവൻ പുറത്തെങ്ങും കണ്ടില്ല. അതുകൊണ്ട് അകത്തു കയറി നോക്കിയപ്പോൾ അമ്മ കിടക്കുന്നതാണ് കണ്ടത്. അവൻ വേഗം പോയി അമ്മയെ വിളിച്ചു. അമ്മ അനങ്ങാതെ കിടക്കുന്നത്

കണ്ടപ്പോൾ അവന് മനസ്സിലായി അവന്റെ അമ്മ അവനെയും വിട്ട് ദൈവത്തിന്റെ അടുത്തേക്ക് പോയി. ഇത് കണ്ട അവൻ എന്തു ചെയ്യണമെന്നറിയാതെ പൊട്ടി പൊട്ടി കരഞ്ഞു. അപ്പോഴാണ് അമ്മ പറഞ്ഞ കാര്യം അവന് ഓർമ്മ വന്നത്. അപ്പോൾ അവൻ ചിന്തിച്ചു: "ഈശ്വരാ.. അമ്മയുടെ മരണത്തിന് കാരണം ഞാനാണല്ലോ.." അപ്പോഴാണ് അവന് സമയത്തിന്റെ വില ശെരിക്കും മനസ്സിലായത്.

അന്ന് മുതൽ അവൻ ജോലി ചെയ്ത് കൊണ്ടുവന്ന സമയം പാവപ്പെട്ടവർക്ക് ദാനം ചെയ്യാൻ തുടങ്ങി. മറ്റുള്ളവർക്ക് അവൻ പ്രിയപ്പെട്ടവനായി മാറി. പിന്നീട് അവൻ വലിയ ബിസിനസ്സുകാരനായി മാറി. എന്നിട്ട് സൽമാന്റെ മകളെ വിവാഹം കഴിച്ച് സുഖമായി ജീവിച്ചു.



DEVANANDH K



ZAHRA YASMINE



HANA ZAINAB



SREELAKSHMI K



SADEEDA TK



HANA ZAINAB

# മനുവിന്റെ സഹായം

കഥ
ആരാധ്യ5B



പണ്ട് ഒരു കൊച്ചി ഗ്രാമം ഉണ്ടായിരുന്നു. അവിടെ ഒരു മനു എന്ന കുട്ടി ഉണ്ടായിരുന്നു. അവന്റെ വീട്ടിൽ അമ്മ,അച്ഛൻ,അനുജത്തി,അനുജൻ എന്നിവർ അടങ്ങിയ ഒരു കുടുംബം ആയിരുന്നു. മനു പഠിക്കുന്നത് 5-ആം ക്ലാസിലാണ്. മനുവിന്റെ അനുജത്തി 2-ആം ക്ലാസിലും പഠിക്കുന്നു. മനുവിന്റെ അനിജത്തിയുടെ പേര് മീനു എന്നാണ്. ഒരു ദിവസം മനു കളിക്കുകയായിരുന്നു. അപ്പോൾ മനുവിന്റെ അമ്മ അവനെ വിളിച്ചു. "മനു വേഗം വാ.." അപ്പോൾ "ഇതാ വരുന്നു അമ്മേ..." എന്ന് മനു മറുപടി പറഞ്ഞു. അപ്പോൾ അതിലൂടെ പോകുന്ന ഒരു മുത്തശ്ശി റോഡ് മുറിച്ചു കടക്കാൻ വേണ്ടി നില്ക്കുകയായിരുന്നു. മനു ഓടിച്ചെന്ന് അമ്മൂമ്മയുടെ കൈ പിടിച്ച് റോഡ് കടത്തിക്കൊടുത്തു. അമ്മൂമ്മക്ക് സന്തോഷം വന്നു. അമ്മൂമ്മ മനുവിനോട് നന്ദി പറഞ്ഞു. പിന്നെ മനു വീട്ടിലേക്ക് ഓടിപ്പോയി. വീട്ടിലെത്തിയപ്പോൾ മനുവിനോട് അമ്മ ചോദിച്ചു. "നീ വരാൻ എന്താണ് വൈകിയത്?" അപ്പോൾ മനു പറഞ്ഞു:"അമ്മേ അത് ഒരു മുത്തശ്ശി റോഡ് കടക്കാൻ വേണ്ടി നില്ക്കുകയായിരുന്നു. ഞാൻ ആ മുത്തശ്ശിയെ റോഡ് കടക്കാൻ വേണ്ടി സഹായിച്ചു. ആ മുത്തശ്ശി ഒരു പാവം മുത്തശ്ശിയായിരുന്നു. അതാണ് അമ്മേ ഞാൻ വൈകിയത്." അപ്പോൾ അമ്മ പറഞ്ഞു:"നല്ല മോൻ, അങ്ങിനെയായിരിക്കണം മോനേ.. നിന്നാൽ കഴിയുന്ന സഹായം നീ എല്ലാവർക്കും ചെയ്തു കൊടുക്കണം. നന്മ ചെയ്ത് തിന്മയെ ഇല്ലാതാക്കുക." മനു അമ്മയുടെ ഈ വാക്കുകൾ എന്നും ഓർമിക്കും

# മാന്ത്രിക കുടം

കഥ
ജ്യാൽദേവ് 4A

ഒരു നാട്ടിൽ സാബു എന്ന കർഷകനുണ്ടായിരുന്നു. അയാൾക്ക് രണ്ട് മക്കളാണുള്ളത്. ഒന്ന് കുട്ടൻ രണ്ടാമത്തേത് അമ്മു. കുട്ടൻ ചീത്തക്കുട്ടിയാണ്. അമ്മുവാണ് നല്ലകുട്ടി. അവരുടെ അച്ഛൻ സാബുവിന് ഇപ്പോൾ പണിയൊന്നുമില്ല. നെൽവയലൊക്കെ നശിച്ചുപ്പോവുകയാണ്. അവർക്ക് പൈസ ഇല്ലാതാകുകയാണ്. അവരുടെ കുടുംബം ഇപ്പോൾ ദാരിദ്രം നിറഞ്ഞതാണ്. അമ്മുക്കുട്ടിക്ക് സ്കൂൾ പൂട്ടി. അവൾ അച്ഛനെ സഹായിക്കാമെന്നു കരുതി അവൾ അവളുടെ കുടുക്ക നോക്കി. അപ്പോൾ അവൾ വിചാരിച്ചു:“ എന്തായാലും അച്ഛന്റെ അത്യാവിശ്യത്തിനു വേണ്ടിയല്ലേ,ഈ കുടുക്ക നിലത്തെറിഞ്ഞു പൊട്ടിക്കാം” അങ്ങനെ അവൾ ആ കുടുക്ക നിലത്തെറിഞ്ഞ് പൊട്ടിച്ചു. അതിൽ അവൾ എണ്ണിനോക്കിയപ്പോൾ 2000രൂപ ഉണ്ടായിരുന്നു. അങ്ങനെ അവൾ ആ 2000 രൂപയും അച്ഛന് കൊടുത്തു. നിങ്ങൾക്കറിയാമോ... ആ കുടുക്കയിൽ എങ്ങനെയാണ് 2000 രൂപ വന്നതെന്ന്. സാബു അമ്മുവിന് എപ്പോഴും കർഷകജോലി കഴിഞ്ഞു വരുമ്പോൾ 20 രൂപ കൊടുക്കുമായിരുന്നു. അങ്ങനെയാണ് ആ കുടുക്കയിൽ 2000 രൂപ വന്നത്. പക്ഷേ അവൾ അച്ഛന് കൊടുത്ത ആ 2000 രൂപ അമ്മുവിന്റെ സ്കൂൾ ഫീസ് കൊടുത്തു. അമ്മു കൊടുത്ത ആ പൈസയും തീർന്നു. അമ്മുവിന് കുറേ ദിവസം കഴിഞ്ഞപ്പോൾ സ്കൂൾ തുറന്നു. അവൾ അങ്ങനെ സ്കൂൾ വിട്ടു വരുന്ന വഴി റോഡ് സൈടിൽ നിന്ന് ഒരു മിന്നുന്ന, തിളങ്ങുന്ന ഒരു സ്വർണ്ണക്കുടം കിട്ടി. അവൾ അത് അച്ഛനോട് പറയാം എന്ന് കരുതി വീട്ടിലേക്ക് ഓടി. അവൾ വീട്ടിലെത്തി അച്ഛനോട് പറയാൻ ചെല്ലുമ്പോൾ അച്ഛന് അനക്കമില്ല. ശ്വാസവുമില്ല. അവൾ കരയാൻ തുടങ്ങി. അവൾ ദൈവത്തിനോട് പ്രാർത്ഥിച്ചു. “ദൈവമേ.. എന്റെ അച്ഛനൊന്നും പറ്റല്ലേ..” അങ്ങനെ അവൾ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ അച്ഛൻ പെട്ടെന്ന് ഉണർന്നു. അച്ഛൻ ചോദിച്ചു:“നീ എന്തിനാ കരയുന്നത് അമ്മൂ” “ഒന്നുമില്ല അച്ഛാ..” അച്ഛൻ പറഞ്ഞു :“നിന്റെ കയ്യിലെന്താ അമ്മൂ..” “ഒന്നുമില്ല അച്ഛാ...” അച്ഛൻ പറഞ്ഞു:“നിന്റെ കയ്യിലെന്താ അമ്മൂ...” അമ്മുപറഞ്ഞു:“അച്ഛാ..അത്

എനിക്ക് സ്കൂൾ വിട്ട് വരുന്ന വഴി,എനിക്ക് കിട്ടിയതാണ് ഈ കുടം.” “ആ ശരി..ഞാൻ നാളെ കുട്ടനും നിനക്കും ആ കുടത്തിൽ ചോറുണ്ടാക്കിത്തരാം..”

# മൈസൂരിലേക്കൊരു യാത്ര

കഥ

സൗജുൽ 7C

പുലർച്ചെ, സൂര്യനുദിക്കും മുമ്പേ ഞങ്ങൾ 15 പേരടങ്ങുന്ന സംഘം ട്രാവലറിൽ മൈസൂരിൽ വിട്ടു. നീണ്ട യാത്രയ്ക്കിടെ 8:30-തോടു കൂടി വണ്ടി കുശാൽ നഗറിൽ എത്തിച്ചേർന്നു. അവിടെ നിന്ന് ഭക്ഷണം കഴിച്ചു. കുറച്ചു സമയം അവിടത്തെ കാഴ്ച്ചകൾ കണ്ടു. പിന്നീട് നേരെ മൈസൂരിലേക്ക്, തുടർന്ന് കണ്ണിന് കുളിർമ്മയേകുന്നതും കൗതുകമുളവാക്കുന്നതുമായ “മൈസൂർ സൂയിലേക്ക്[zoo]” 20 തരം പക്ഷികളും 30 ലേറെ തരം പാമ്പുകളേയും കണ്ടു. ചിലപഴയകാല സാധനങ്ങളും കണ്ടു. ആന, ജിറാഫ്, മുതല, ഒട്ടകപക്ഷി, കുരങ്ങുകൾ അങ്ങനെ എണ്ണിാലൊടുങ്ങാത്ത ജീവികൾ, 5 കിലോമീറ്ററോളം നടന്നുവേണംഇതൊക്കെ കാണാൻ, അവിടെ ഒരു വണ്ടിയുണ്ട്. അതിൽ എല്ലാസ്ഥലവുംചുറ്റികാണിക്കും. അതിന് എക്സ്ട്രാ ചാർജ് വേണം. അതെല്ലാം കണ്ടുകഴിഞ്ഞപ്പോഴെക്കും ഉച്ചയായി.അവിടെ നിന്നിറങ്ങിയ ഞങ്ങൾ രാവിലെ വച്ചിരുന്ന ഭക്ഷണം മറ്റൊരു സ്ഥലത്ത് മരത്തണലിൽ ഇരുന്നു കഴിച്ചു. ശേഷം പോയത് നമ്മുടെ ലാലേട്ടനും ജഗതിയും ഒരുമിച്ചഭിനയിച്ച “യോദ്ധ” എന്ന സിനിമയിലെ റിമ്പോച്ചികളെ കാണാനാണ് സ്ഥലം "ഗോൾഡൻ ടെംബിൾ” അവിടെയുള്ള കൊത്തുപണിയും ചിത്രങ്ങളും എന്റെ കണ്ണിനെ പ്രകമ്പനം കൊള്ളിച്ചു. അവിടത്തെ കാര്യങ്ങൾ കൃത്യനിഷ്ടതയോടെയാണ് കടന്നു പോകുന്നത്. അവർക്ക് പ്രത്യേകതരം വസ്ത്രങ്ങളും ഉണ്ട്. ഒരു തവണ മൈസൂരിൽ വന്നിട്ടുണ്ടെങ്കിലും എനിക്ക് അത്ര ഓർമ്മയില്ല. അവരുടെ കൂടെ നിന്ന് ഫോട്ടോ എടുത്തു. അവിടെ നിന്ന് മടങ്ങിയ ഞങ്ങൾ റൂമിൽ പോയി ഫ്രഷ് ആയി. അടുത്ത ദിവസം യാത്ര തുടങ്ങാൻ തീരുമാനിച്ചു. ഡ്രൈവർ നമ്മുടെ സ്വന്തം സോജു ഏട്ടനാണ്. പിറ്റേന്ന് കുറേയാത്ര ചെയ്ത് പലസ്ഥലങ്ങളിൽ കറങ്ങി. പിന്നീട് രാത്രി 7:30 ആയപ്പോൾ “വൃന്ദാവൻ” എന്ന ഗാർഡനിൽ എത്തി. അവിടത്തെ പ്രധാന കാഴ്ച്ച “വാട്ടർ ഡാൻസ്” ആണ്. വെള്ളത്തിന്റെ വിവിധ ചലനങ്ങളോടൊപ്പമുള്ള ലൈറ്റ് എഫക്റ്റാണവ, രാത്രിയിലെ

ഭക്ഷണം പുറത്ത് ഹോട്ടലിൽ നിന്നാക്കി. ബിരിയാണി ആയിരുന്നു. പിന്നീട് അവിടെ നിന്ന് വീട്ടിലേക്കുള്ള നീണ്ട യാത്ര പാട്ടും ഡാൻസുമായി ആഘോഷിച്ചു. പിറ്റേന്ന് രാവിലെ ഉണർന്നപ്പോൾ വീട്ടിൽ എത്തിയിരുന്നു. ഈ അനുഭവം ഒരിക്കലും മറക്കാൻ എനിക്ക് കഴില്ല

# ചേട്ടത്തി പ്രാവും അനുജത്തി പ്രാവും

കഥ

വൈഗ.എൻ 5B



പണ്ട് പണ്ട് ഒരു കാട്ടിൽ ഒരു ചേട്ടത്തി പ്രാവും അനുജത്തി പ്രാവും ഉണ്ടായിരുന്നു. ചേട്ടത്തി പ്രാവ് മഹാ ദുഷ്ടയായിരുന്നു. അനിയത്തി പ്രാവിനെ മിക്കപ്പോഴും ഉപദ്രവിക്കുമായിരുന്നു. അങ്ങനെ അവർ ഒരു ദിവസം തീറ്റതേടി പോയപ്പോൾ അവർക്ക് കുറച്ച് പയർ മണികൾ കിട്ടി. അവർ വീട്ടിലെത്തിയപ്പോൾ ചേട്ടത്തി പ്രാവ് പറഞ്ഞു : `നീ ഇത് വറുത്ത് വെക്കു...ഞാൻ ഒന്ന് പുറത്ത് പോയിട്ട് വരാം. പക്ഷേ ഇതിൽ നിന്നും ഒരു മണി പോലും കുറയരുത്. അങ്ങനെ പറഞ്ഞുകൊണ്ട് ചേട്ടത്തി പ്രാവ് പയർ മണികൾ അളന്നു. അങ്ങനെ ചേട്ടത്തി പ്രാവ് പുറത്ത്

പോയി. വന്നപ്പോൾ അളവ് പാത്രത്തിന്റെ പകുതി മാത്രമേ പയർ മണികൾ ഉണ്ടായിരുന്നുള്ളൂ. `എടീ...നീ എന്റെ പയർ മുഴുവൻ തിന്നു അല്ലേടീ... എന്നു പറഞ്ഞ് ചേട്ടത്തി പ്രാവ് അനുജത്തിപ്രാവിനെ കൊത്തി കൊത്തി കൊന്നു. അങ്ങനെ ഒരു ദിവസം ചേട്ടത്തി പ്രാവ് പുറത്ത് പോയി വരുമ്പോൾ കുറച്ച് പയർ മണികൾകൊണ്ടു വന്നു.അത് വറുത്തെടുക്കാനായി പോയപ്പോൾ,മണികൾ ഒന്നു അളന്നു നോക്കാംഎന്ന് ചേട്ടത്തി പ്രാവ് മനസ്സിൽ വിചാരിച്ചു.പയർ മണികൾ അളന്നു നോക്കി. പയർ മണികൾവറുത്തതിന് ശേഷവും അളന്നു നോക്കാം എന്ന് കരുതി അളന്നു നോക്കിയപ്പോൾ ചേട്ടത്തിപ്രാവ് ഞെട്ടിപ്പോയി. അളവു പാത്രത്തിൽ ഞാൻ അളന്നതിനേക്കാൾ പകുതി മാത്രം. അപ്പോൾ ചേട്ടത്തി പ്രാവിനd മനസ്സിലായി, പയർ മണികൾ വറുക്കുമ്പോൾ അളവു കുറയുമെന്ന്. "ഈശ്വരാ..ഞാനെന്റെ അനുജത്തിയെ കൊന്നു കളഞ്ഞല്ലോ.." എന്ന് പറഞ്ഞ് ചേട്ടത്തി പ്രാവ് വാവിട്ടു കരഞ്ഞു. ഇതിൽ നിന്നും ഒരു കാര്യം മനസ്സിലാക്കാം, കാര്യമറിയാതെ ആരെയും ശിക്ഷിക്കരുത്

# മായാ പെൻസിലിന്റെ കഥ

കഥ

അനാമിക പ്രതാപൻ കെ 5B

പണ്ട് പണ്ടൊരു ഗ്രാമത്തിൽ പണക്കാരനും പാവപ്പെട്ടവനും ഉണ്ടായിരുന്നു. അവരുടെ വീട് അടുത്തടുത്തായിരുന്നുഉണ്ടായിരുന്നത്. പണക്കാരനായ ദീപു താൻ പണക്കാരനാണെന്ന് എല്ലാവരെയും വെളിപ്പെടുത്തി കൊണ്ടേയിരുന്നു. പാവപ്പെട്ട രാമുവോ ഒരു കൃഷിക്കാരനായിരുന്നു. വിളവ് കിട്ടിയ പച്ചക്കറികളെല്ലാം അദ്ദേഹം ചന്തയിൽ വിൽക്കുമായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ കടയിൽനിന്ന് അധികപേരും പച്ചക്കറികൾ വാങ്ങുകയില്ലായിരുന്നു. ആളുകളെല്ലാം പറയുന്നത് ആ പച്ചക്കറികളിൽ വിഷം അടിച്ചു എന്നാണ്. മറ്റു ഗ്രാമങ്ങളിലെ ചിലർ മാത്രമേ അവന്റെ കയ്യിൽ നിന്നും പച്ചക്കറികൾ വാങ്ങാറുള്ളൂ. ഒരു ദിവസം അദ്ദേഹം കൃഷി ചെയ്തുകൊണ്ടിരിക്കുമ്പോൾ താഴെ ഒരു പെൻസിൽ കണ്ടു. അതൊരു സാധാരണ പെൻസിൽ അല്ലായിരുന്നു. ഒരു മായ പെൻസിൽ ആയിരുന്നു. വീട്ടിലെത്തി അദ്ദേഹം ആ പെൻസിൽ ഉപയോഗിച്ച് നോക്കി. അദ്ദേഹം എഴുതിയത് തന്നെ കുടുംബം പണക്കാരുള്ള കുടുംബമായി എനിക്ക് കാണണം എന്നായിരുന്നു.

അടുത്ത ദിവസം തന്നെ എല്ലാവരും അദ്ദേഹത്തിന്റെ കടയിൽ നിന്ന് പച്ചക്കറി വാങ്ങാൻ ആരംഭിച്ചു. അദ്ദേഹത്തിന് ആവശ്യത്തിൽ കൂടുതൽ പണം ലഭിച്ചു. അങ്ങനെ രാമു പാണക്കാരനായി മാറി. അപ്പോൾ ദീപു ആലോചിച്ചു. അതെങ്ങനെ സംഭവിച്ചു? പാവപ്പെട്ടവനായ രാമു എത്ര പെട്ടെന്നാണ് പണക്കാരൻ ആയത്? ഒരു ദിവസം രാത്രിയിൽ വീട്ടിലേക്ക് പോയി. അപ്പോൾ ദീപുവിന് മനസ്സിലായി അവർക്ക് ഒരു മായ പെൻസിൽ ഉണ്ടെന്ന്. അവർ ഉറങ്ങിയ തക്കം നോക്കി അദ്ദേഹം അത് മോഷ്ടിച്ചു. ദീപു മായാ പെൻസിൽ ഉപയോഗിച്ച് നോക്കി. അദ്ദേഹം എഴുതി, രാമു പഴയതുപോലെ പാവപ്പെട്ടവൻ ആകട്ടെ എന്ന്. അപ്പോൾ ദീപുവിന്റെ സ്വത്തെല്ലാം പോയി. അദ്ദേഹത്തിന് തന്റേ തെറ്റ് മനസ്സിലായി. മറ്റുള്ളവരുടെ നാശത്തിനുവേണ്ടി നോക്കരുത് എന്ന്.

അദ്ദേഹം അടുത്ത ദിവസം രാവിലെ തന്നെ രാമുവിനോട് ക്ഷമ പറഞ്ഞു. രാമു പറഞ്ഞു, അതൊന്നും സാരമില്ല. അങ്ങനെ ദീപു തെരുവിൽ ജീവിക്കേണ്ട അവസ്ഥയിലേക്ക് മാറി കഴിഞ്ഞിരിക്കുന്നു. ദീപു തന്റെ ഭാര്യയോട് പറഞ്ഞു. ഞാൻ കാരണമാണല്ലോ നിങ്ങൾക്ക് തെരുവിൽ ജീവിക്കേണ്ടി വന്നത്. അങ്ങനെ രാമു വലിയ വീട് പണിത് സുഖമായി ജീവിച്ചു. ഇപ്പോൾ രാമു വലിയ ബിസിനസ് ജോലിക്കാരനായി മാറി.

ഗുണപാഠം : ഒരിക്കൽ പാവപ്പെട്ടവരായാൽ ഒരുനാൾ പണക്കാരനായി മാറും.

# ചങ്ങാത്തം

കഥ
സമന്വയ എൻ വി 8D

സ്കൂൾ പൂട്ടി...കുറച്ച് ദിവസങ്ങൾക്കു ശേഷം. "മോനേ അബി മോനെ എഴുന്നേൽക്ക്."അമ്മ അബിയെ ഉറക്കത്തു നിന്നും വിളിച്ചു."എന്താ അമ്മേ"അബി ചോദിച്ചു. "എടാ നിൻറെ പഴയ കളിക്കൂട്ടുകാരൻ ഇല്ലേ വിനു അവനതാ അമേരിക്കയിൽ നിന്നും തിരിച്ച് വന്നു." "എവിടെ? എപ്പോ വന്നു?"അങ്ങനെ കുറെ ചോദ്യായി. അവൻ ചാടി ജനലരികിലൂടെഎത്തി നോക്കി. അവർ കാറിൽ നിന്നും ഇറങ്ങുകയായിരുന്നു. "അമ്മേ അവന് എന്നെ ഓർമ്മയുണ്ടാവോ" അബി പറഞ്ഞു."പിന്നെ ഓർമ്മയില്ലാതിരിക്കോ നീയല്ലേ പണ്ടവനെ നീന്തം പഠിപ്പിച്ചു കൊടുത്തതൊക്കെ,അവന് അത് വലിയ കാര്യല്ലേ മറക്കില്ലായിരിക്കും"അമ്മ പറഞ്ഞു "അവനിപ്പാളാകെ മാറിയല്ലോ,അവന് എന്നെ കണ്ടാൽ തിരിച്ചറിയോ അതുപോലെ നമ്മുടെ വീടൊക്കെ അവന് ഓർമ്മയുണ്ടാവോ" "ഇല്ല തിരിക്കില്ല കുട്ടാ.."അമ്മ പറഞ്ഞു അടുക്കളയിലേക്ക് പോയി.അബി ഉമിക്കരി എടുത്ത് പല്ല് തേച്ചോണ്ട് വിനുവിൻറെ വീട്ടിലേക്കു നോക്കി നിന്നു. സെക്യൂരിറ്റി ഗേറ്റ് അടച്ചത് കൊണ്ട് അവൻ മാവിൻ കൊമ്പിൽ കേരിയാണ് നോട്ടം. മുന്നിലെ വാതിലും അടച്ചിരിക്കാ.അവൻ മുഖം കഴുകി ചായയും ദോശയും എടുത്ത് വീണ്ടും മുറ്റത്തിറങ്ങി വാതിലങ്ങാനം തുറക്കുന്നുണ്ടോ എന്ന് നോക്കാൻ.അവൻ ആ ദിവസം അവനെ കണ്ടില്ല. രാത്രി കിടക്കുമ്പോഴൊക്കെ, അവൻ എന്നെ മറന്നുവോ? ഓർമ്മയുണ്ടാവോ? അവനോട് മിണ്ടണോ? വർഷങ്ങളായില്ലേ കണ്ടിട്ട്! എന്നൊക്കെയുള്ള ചിന്തകൾ അങ്ങനെ കടന്നു പോവാണ്.

ഒരിക്കൽ ഒരു ദിവസം അബി നാലാം ക്ലാസിൽ പഠിക്കുമ്പോൾ അപ്പുറത്തെ അമ്മമ്മയുടെ വീട്ടിൽ ഒരു കുട്ടി വന്നിരുന്നു. അവിടത്തെ സ്കൂളിൽ ചേർക്കാൻ ആയിരുന്നു. ഒരിക്കൽ അമ്മ അപ്പുറത്തെ വീട്ടിൽ നെയ്യപ്പം കൊടുക്കാൻ പറഞ്ഞു.

അവൻ സൈക്കിളെടുത്ത് ഇലയിൽ പൊതിഞ്ഞ ആ നെയ്യപ്പവും ആയി ആ തറവാട്ടിൽ ചെന്നു. "അമ്മൂമ്മേ... അമ്മൂമ്മേ..." "ആ ഇതാര് അഭിക്കുട്ടനോ.. കുറേ നാളായല്ലോ കണ്ടിട്ട്... വാ കേറ്" ചെറുപ്പുഴിച്ച് അബി അകത്തേക്ക് കയറി. "മോനേ.. വിനു.. ഇങ്ങുവാ" അമ്മമ്മ പേരക്കുട്ടിയെ വിളിച്ചു."എടാ നിനക്ക് താരാന്നറിയാം ഞാൻ പറയാറില്ലേ ഒരഭിയെ കുറിച്ച്,ഇവനാത്..അബി ഇതെന്റെ പേരക്കുട്ടിയാ വിനു ഇവിടെത്തെ സ്കൂളിൽ ചേരാൻ വന്നതാ. ഇനി നീ സ്കൂളിൽ പോകുമ്പോൾ ഇവനെയും കൂട്ടണം"അമ്മമ്മ പറഞ്ഞു. "ശരി" "ഇപ്പം നീ ഇവനെ ഈ നാടുന്നു ചുറ്റി കാണിച്ചു കൊടുക്കെടാ" അമ്മമ്മ അഭിയോട് പറഞ്ഞു. "ആ" "എന്നാ പോയിട്ട് വാ" അങ്ങനെ വിനുവിനെ നാടു കാണിച്ചുകൊടുക്കാൻ പോയി. "നീ ഇത്രകാലം എവിടെയാ താമസിച്ചേ" അഭി ചോദിച്ചു. "ഞാൻ അമ്മയുടെ അച്ഛൻറെ ഒപ്പരം ആദ്യം വേറെ സ്ഥലത്തായിരുന്നു" "പിന്നെന്തേ ഇപ്പം ഇവിടെ വന്നത്" "ഓ അതോ..എൻറെ അച്ഛനു അമ്മയും ഇപ്പോൾ അമേരിക്കയിൽ പോയിരിക്കാ.. അതോണ്ടാ എന്നിവിടെ ചേർത്തത്" വിനു പറഞ്ഞു. "ഓ" "അപ്പോ നിൻറെ വീട് എവിടെയാ" നിന്നോട് അമ്മൂമ്മ എൻറെ വീട് എവിടെയാണ് എന്ന് പറഞ്ഞില്ലാ.. "ഇല്ലല്ലോ" "എൻറെ വീട് നിൻറെ തറവാട്ടിന്റെ അപ്പുറത്തു തന്നെയാണ്,ഒരു ദിവസം നീ അങ്ങോട്ട് വരണേ" അഭി പറഞ്ഞു. "ആ വരാം" "പിന്നെ നീ നാളെ സ്കൂളിൽ പോകുമ്പോൾ എന്നെയും ഒന്ന് കൂട്ടാണെ" വിനു പറഞ്ഞു.അങ്ങനെ അവർ ഇരുവരും ഒത്ത ചങ്ങാതിമാരായി.പിന്നീട് വീട്ടിലേക്ക് മടങ്ങി.പിറ്റേന്ന് സ്കൂളിലേക്ക് ഒരുമിച്ചു പോയി.

അങ്ങനെ വിനുവിനെ അഭി അമ്മയ്ക്ക് പരിചയപ്പെടുത്തി. ഒത്തൊരുമിച്ച് മാമ്പഴം പറിക്കാനും പോയി.ഒപ്പരം കളിച്ചു നടന്നു.അവർ രണ്ടുപേരും ചേർന്ന് ഒരു ചെറിയ പാവയുടെ കീ ചെയിൻ ഉണ്ടാക്കി.അത് അവർ രണ്ടുപേരും എപ്പോഴും കൊണ്ട് നടക്കുമായിരുന്നു.അവർ ഇരുവരുടെ ചങ്ങാത്തത്തിന്റെ അടയാളമായിരുന്നു അത്.അങ്ങനെ ഒരിക്കൽ അവർ പുഴക്കരയിൽ ചെന്നു. അബി വിനുവിന് പുഴ കാണിച്ചു കൊടുത്തു. "ഓ..എന്തു ഭംഗി" വിനു പറഞ്ഞു."നമുക്ക് ഇവിടുന്ന് നീന്തിയാലോ"അഭി ചോദിച്ചു."എടാ അഭി എനിക്ക് വെള്ളം പേടിയാ,എനിക്കു നീന്താനും അറിയില്ല" "നമുക്ക് നാളെ വരാം" "നീ നീന്തിക്കോ ഞാൻ കരയ്ക്ക് ഇരുന്നോളാം" വിനു പറഞ്ഞു. "നിനക്ക് നീന്തൽ

പഠിപ്പിച്ചു തരണോ" അബി ചോദിച്ചു. "ഇപ്പം വേണ്ട" വിനു പറഞ്ഞു."വാ പോവാം നാളെ വരാം." പിറ്റേദിവസം സ്കൂൾവിട്ട് വന്നശേഷം അഭിയും വിനുവും തോർത്തെടുത്ത് പുഴക്കരയിൽ പോയി.അഭി പുഴയിൽ ഇറങ്ങി, നീന്താൻ തുടങ്ങി.നീന്തിക്കഴിയാറാകുമ്പോൾ അഭി പുഴക്കരയിൽ ഇരുന്ന വിനുവിനോട് പറഞ്ഞു. "എടാ വിനു ആ തോർത്ത് എടുത്ത് താ" വിനു തോർത്തെടുത്ത് വെള്ളത്തിനടുത്തേക്ക് ചെന്നപ്പോൾ,പാറയിലെ വഴുവഴുപ്പ് കാരണം വിനു തെന്നി പുഴയിലേക്ക് വീണു.

വിനുവിന് വെള്ളത്തിൽ അധികം പിടിച്ചു നിൽക്കാൻ ആയില്ല. അഭി നീന്തി വിനുവിനെ കരക്കെത്തിച്ചു. പക്ഷേ വിനുവിൻറെ ബോധം പോയിരുന്നു.അവൻ വിനുവിനെ എടുത്തു കൊണ്ട് വീട്ടിൽ ചെന്നു. അമ്മമ്മ വേഗം എല്ലാ പരിചരണവും നടത്തി,അവനെ കിടക്കയിൽ കിടത്തി.അമ്മമ്മ ഓരോന്നായി ചോദിച്ചു."എന്തിനാ നിങ്ങൾ പുഴക്കര പോയത്? അവിടെ നല്ല ഒഴുക്ക് ഇല്ലേ?ഇനി ഇത് ആവർത്തിക്കരുത് കേട്ടോ."അഭി ഒന്നും മിണ്ടാതെ വീട്ടിലേക്ക് ഓടി.വീട്ടിലെത്തി അവൻ മുറിയിൽ കയറി കരഞ്ഞു. അമ്മ ചോദിച്ചു: "എന്താടാ..എന്തിനാ നീ ഇങ്ങനെ കരയുന്നേ..പറ?" അബി നടന്നതെല്ലാം പറഞ്ഞു. അമ്മ തറവാട്ടിൽ വിനുവിന് ഭേദവായോന്ന് ചെന്നോക്കാൻ പോയി. "അഭിയെ..മോനേ.. അവന് കുഴപ്പം ഒന്നുമില്ലടാ" അഭിയോട് അമ്മ പറഞ്ഞു. കുറ്റബോധം തോന്നി അവൻ ഒരാഴ്ച അവിടേക്ക് പോയില്ല.

പിന്നീട് ഒരു ദിവസം,"അഭി.. അഭി.."വിനു വിളിച്ചു. അഭി ചെന്നു."ആ..വിനു നിനക്ക് സുഖമായോ" "അതേടാ അഭി..നമുക്ക് കളിക്കാൻ പോവാ...നീ പേടിക്കേണ്ടടാ..വാ" വിനു വിളിച്ചു.പിന്നീട് വീണ്ടും വിനുവും അഭിയും ഒരുമിച്ചു കളിക്കാൻ ചെന്നു. പിന്നീട് ഒരിക്കൽ ഇരുവരും വയൽ വരമ്പിലൂടെ നടക്കുമ്പോൾ "ഞാൻ ഒരു കാര്യം പറയട്ടെ" വിനു പറഞ്ഞു. "എന്ത് കാര്യം" അഭി ചോദിച്ചു. "നമ്മുടെ വീടിനടുത്തുള്ള ചെറിയൊരു കുളമില്ലേ.. അവിടെ നിന്ന് നീ എനിക്ക് നീന്തം പഠിപ്പിച്ചു തരുമോ?"



വിനു അഭിയോട് ചോദിച്ചു. "അപ്പോൾ നിനക്ക് വെള്ളം പേടിയല്ലേ?" "ഉണ്ടായിരുന്നു പക്ഷേ എനിക്കിപ്പം നീന്തൽ പഠിക്കണമെന്ന് വലിയ ആഗ്രഹമുണ്ട്..എനിക്ക് നീന്തൽ പഠിപ്പിച്ചു തരില്ലേ" വിനു ചോദിച്ചു. "ശരി നമുക്ക് നാളെ ഞായറാഴ്ച പോകാം."

പിറ്റേദിവസം ഉച്ചയ്ക്ക് വിനു വിളിച്ചു."അഭി..അഭി" "ആ ഡാ..വരുന്നു വിനു" അവർ കുളത്തിനടുത്തേക്ക് ചെന്നു. അഭി പറഞ്ഞു: "വിനു നീ വെള്ളത്തിലേക്ക് ഇറങ്ങൂ പേടിക്കേണ്ട" അഭി വിനുവിൻറെ കൈപിടിച്ച് വെള്ളത്തിൽ ഇറക്കി. അവന് നീന്തുന്നതെങ്ങനെയാ എന്നൊക്കെ കാണിച്ചുകൊടുത്തു.അഭി യുടെ കയ്യിൽ കിടന്നു കുളത്തിൽ നിന്ന് പതിയെ വിനു നീന്തം പഠിച്ചു. പിന്നീട് എല്ലാ ദിവസവും സ്കൂൾ വിട്ടു വന്ന ശേഷം അവർ രണ്ടുപേരും കുളത്തിൽ നീന്താൻ പോയി.അങ്ങനെ ഒരിക്കൽ ഞായറാഴ്ച അഭി വിനുവിൻറെ വീട്ടിൽ അവനെ കളിക്കാൻ വിളിക്കാൻ ചെന്നു. "വിനു.. വിനു.."അഭി വിളിച്ചു. അമ്മമ്മ വന്നു നോക്കി. "ആ..അബി..വിനു രാവിലെ തന്നെ പോയി,അവൻറെ അമ്മയുടെ അച്ഛൻറെ ഒപ്പം അമേരിക്കയിലേക്ക്.. ഇനി നീ സ്കൂളിൽ പോകുമ്പോൾ അവൻ ഉണ്ടാവില്ല കേട്ടോ!!" അബിക്ക് വിഷമമായി. പിന്നീട് അവൻ വീടിൻറെ മുറ്റത്തിറങ്ങി ആകാശത്തൂടെ പറക്കുന്ന വിമാനത്തിന് കൈ കാണിച്ചു. അഭി ആ കീ ചെയിൻ പാവയെ എടുത്ത് അതിനെ നോക്കി കരഞ്ഞു. പിന്നീട് അവൻ ആ തറവാട്ടിലേക്ക് കുറേക്കാലം പോയില്ല.

പെട്ടെന്ന് അഭി ഉറക്കിൽ നിന്ന് എഴുന്നേറ്റു. അവൻ അവൻറെ പാവ കൊണ്ടുള്ള കീ ചെയിൻ എടുത്ത് നോക്കി."ഹലോ ഇവിടെ ആരുമില്ലേ.." അഭി പുറത്തേക്ക് ചെന്നു നോക്കി.അഭിക്ക് അവൻറെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. വിനു ആയിരുന്നു അത്.അവൻറെ കയ്യിൽ ആ പാവയുടെ കീചെയിൻ ഉണ്ടായിരുന്നു.അഭിക്ക് സന്തോഷമായി."അവന് എപ്പോഴും എന്നെ ഓർമ്മയുണ്ടല്ലോ."വിനു അഭിയുടെ കയ്യിലേക്ക് നോക്കി. കീചെയിൻ ഇല്ലായിരുന്നു. "ഹലോ ഞാൻ വിനു,നിൻറെ പേര് എന്താ? നീ ഇവിടെ പുതിയ താമസക്കാരാ?" അഭി ഒന്നും മിണ്ടിയില്ല. വിനുവിനെ അപ്പുറത്തുനിന്ന് അമ്മ വിളിച്ചു. അവൻ അങ്ങോട്ടേക്ക് ഓടി. "പഴയ കാര്യങ്ങളൊക്കെ അവൻ മറന്നു കാണും, വിനുവിന് എന്നെ

ഓർമ്മയില്ല.." വീണ്ടും പിറ്റേ ദിവസം വിനു വന്നു. "ഹായ് ഞാൻ വിനു.. നീ വരുന്നോ കളിക്കാൻ എൻറെ വീട്ടിലേക്ക്?" അഭി ഒന്നും മിണ്ടിയില്ല. വിനു അഭിയുടെ കൈപിടിച്ച് വരുന്നോ എന്ന് ചോദിച്ചു. അഭി ചെരുപ്പിട്ട് ഇറങ്ങി. വിനു ചോദിച്ചു :"നീ ഇവിടെ പുതിയ താമസക്കാരാ?" അഭി ഒന്നും മിണ്ടിയില്ല.

പിന്നെയും വിനു ചോദിച്ചു: "നീ ഇവിടെത്തെ പുതിയ താമസക്കാരാ.."അബി "അതെ" എന്ന് പറഞ്ഞു. "ഓ..നിൻറെ പേര് എന്താ.." അബി അവന്റെ പേര് മാറ്റിപ്പറഞ്ഞു,"അപ്പു" "ഓ.. നീ കുറെ മാസമായോ വന്നിട്ട്?" "ഇല്ല,രണ്ട് മാസം" അവൻ കള്ളം പറഞ്ഞു. "ശരി,ഞാൻ എന്നാ പോവുകയാ നാളെ കാണാം കേട്ടോ" "അപ്പൂ..അപ്പൂ... എന്തൊക്കെയാ വാ.. നീ എൻറെ കൂടെ കളിക്കാൻ വരുന്നില്ലേ" വിനു വിളിച്ചു.അഭി അമ്മയെ വിനുവിന് പരിചയപ്പെടുത്തി. പിന്നീട് വിനു അഭിയെ വിളിച്ചുകൊണ്ട് അവൻറെ വീട്ടിലേക്ക് പോയി. "നിനക്ക് എൻറെ വീടു കാണണ്ടേ.."വിനു പറഞ്ഞു.സെക്യൂരിറ്റി ഗേറ്റ് തുറന്നു. പഴയ തറവാട് പൊളിച്ചു വേറെ വലിയ വീടെടുത്തു. അമ്മമ്മ ഒരു വർഷം മുമ്പ് മരിച്ചുപോയി.അഭി വിനുവിൻ്റെ വീട്ടിൽ കയറി."അമ്മേ..ഇത് അപ്പു, നമ്മുടെ അയൽവാസിയാ." "ഓ.. ഇവനാണോ അപ്പു?"വിനു അഭിക്ക് ജ്യൂസ് കുടിക്കാൻ കൊടുത്തു.അവൻ പകുതി കുടിച്ച് ഗ്ലാസ് അവിടെ വച്ചു."അപ്പു.. വാ,എൻറെ മുറി

കാണിച്ചു തരാം." നിറച്ചും ഫോട്ടോകളും അലങ്കാരങ്ങളും ആയിരുന്നു. വിനു അബിക്ക് വീട് ചുറ്റി കാണിച്ചു കൊടുത്തു. പിന്നീട് അവർ ഒരുമിച്ച് കളിക്കുവാനും ഒക്കെ തുടങ്ങി. വിനുവിന് ഇതൊക്കെ കളിക്കുമ്പോഴും അവൻറെ പഴയ സുഹൃത്തായ അഭിയെ ഓർമ്മ വന്നു.അഭി ഒരിക്കലും ഞാനാണ് അഭി എന്ന് പറയാൻ പാടില്ല എന്ന് വിചാരിച്ചു.

അങ്ങനെ ഒരു ദിവസം അവർ കളിക്കുന്നതിനിടയിൽ വിനു പറഞ്ഞു."എടാ അപ്പു ഞാനൊരു കാര്യം പറയട്ടെ, എനിക്ക് പഴയ ഒരു സുഹൃത്ത് ഉണ്ടായിരുന്നു, അഭി. അവൻ നീ ഇപ്പോൾ താമസിക്കുന്ന സ്ഥലത്തായിരുന്നു താമസിച്ചത്." പിന്നീട് വിനു എല്ലാ കാര്യങ്ങളും പറഞ്ഞു. അവർ ഒത്ത സുഹൃത്തായിരുന്നു എന്നും അവർ ഇരു പേർക്കും അവർ നിർമ്മിച്ച പാവയുടെ കീ ചെയിൻ ഉണ്ടെന്നും പിന്നീട് ഒരിക്കൽ കുളക്കരയിൽ പോയതും അവിടെവച്ചു നടന്നതും അവൻ നീന്തൽ പഠിപ്പിച്ചതും

ഒക്കെ, പിന്നീട് ഒരു ദിവസം രാത്രി തൻറെ അച്ഛനും അമ്മയും താൻ അറിയാതെ അമേരിക്കയിലേക്ക് കൂട്ടിക്കൊണ്ടു പോകുന്നതും തനിക്ക് അവനോട് ഒരു യാത്ര പോലും പറയാൻ പറ്റാതിരുന്നതും ഒക്കെ പറഞ്ഞു.ഇതൊക്കെ കേട്ടപ്പോഴേക്കും അഭിക്ക് തന്റെ സുഹൃത്ത് ഇതുവരെയായും തന്നെ മറന്നിട്ടില്ലല്ലോ, തന്നെ ഇപ്പോഴും കാത്തിരിക്കുന്നുണ്ടെന്നും അഭിക്ക് മനസ്സിലായി. പക്ഷേ,താനാണ് അബി എന്ന് എങ്ങനെയാണ് പറയേണ്ടത് എന്ന് അവനിക്ക് അറിയില്ലായിരുന്നു."എടാ അപ്പൂ..നിനക്കറിയോ, അഭിയെ നീ ഈ നാട്ടിൽ നിന്ന് കണ്ടിനോ?"അഭി ഒന്നും മിണ്ടിയില്ല. പിന്നീട് അഭി രാത്രിക്ക് അവൻറെ പാവ കൊണ്ടുണ്ടാക്കിയ കീചെയിൻ നോക്കിക്കൊണ്ട് വിഷമിച്ചിരുന്നു. "മോനേ അഭി..വാ.. വന്നു കിടക്കു" അമ്മ പറഞ്ഞു.അവൻ ആ പാവ ഉമ്മറത്തു വച്ച് ഉറങ്ങാൻ പോയി.രാവിലെ വിനു വന്ന അഭിയെ വിളിക്കാനായി ഉമ്മറത്ത് കയറിയപ്പോൾ,പാവയെ അവിടെ കാണുന്നു. ഉടൻ തന്നെ വിനുവിന് പഴയകാലത്തെ ഓർമ്മ വന്നു.

തൻറെ തന്നെയാണ് അപ്പു എന്ന് വിനുവിൻറെ മനസ്സിലായി വിനുവിൻറെ ശബ്ദം കേട്ട് അഭിയുടെ അമ്മ ഉമ്മറത്തേക്ക് വന്നു അഭിയുടെ അമ്മയോട് വിനു ചോദിച്ചു."അഭിയുടെ ഈ പാവ എങ്ങനെ ഇവിടെയെത്തി" ഉടൻതന്നെ അഭിയുടെ അമ്മ പഴയകാല സ്മരണകൾ ഓരോന്നായി ഉരുവിടാൻ തുടങ്ങി. ഇതുകേട്ട വിനു ചോദിച്ചു:"അതുകൊണ്ടാണോ എന്നോട് ഇങ്ങനെ പെരുമാറിയത്"അമ്മ പറഞ്ഞു: "നിൻറെ പെട്ടെന്നുള്ള അമേരിക്കൻ യാത്ര അവനെ വല്ലാതെ വിഷമിപ്പിച്ചു".വിനു അഭിയുടെ അമ്മയോട് അവനെ കാണണമെന്ന് പറഞ്ഞു. അഭി ഉറങ്ങുകയാണെന്ന് വിനുവിന് മനസ്സിലായി. വിനു അഭിയുടെ മുറിയിലേക്ക് ചെന്ന് "അഭീ.. അഭീ.." എന്ന് വിളിച്ചു. അഭി ഉണർന്നു."നിനക്കെന്നെ മനസ്സിലായോ"അഭി ചോദിച്ചു. "നിൻറെ അമ്മ എന്നോട് എല്ലാം പറഞ്ഞു നിനക്കെന്നോട് പറയാമായിരുന്നു."വിനു പറഞ്ഞു. അഭി സോറി പറയാൻ തുടങ്ങി. വിനു അഭിയോട് പറഞ്ഞു: "ഞാനിപ്പോൾ വരാം". വിനു ഓടി ചെന്ന് തന്റെ വീട്ടിൽ നിന്ന് തോർത്തുമെടുത്ത് തിരികെ വന്നു."അബി.. അബീ.. നമുക്ക് പഴയ കുളത്തിൽ പോയി നീന്തിക്കളിക്കാം. അങ്ങനെ അവർ കുളത്തിലേക്ക് പോയി.

# പാവപ്പെട്ട പെൺകുട്ടി

കഥ
മാളവിക കെ 6

ഒരിടത്തൊരിടത്ത് ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവൾ ഒരു പാവപ്പെട്ട വീട്ടിലെ കുട്ടിയായിരുന്നു. ജാനകി എന്നായിരുന്നു അവളുടെ പേര്. ആ കുട്ടി സ്കൂളിൽ ചേർന്നു. അവിടെയുള്ള കുട്ടികൾ എല്ലാവരും പണക്കാരായിരുന്നു. അതുകൊണ്ട് അവിടെയുള്ള കുട്ടികൾക്ക് അവളെ ഇഷ്ടമായിരുന്നില്ല. അതുകൊണ്ട് അവളെ എല്ലാവരും കളിയാക്കുമായിരുന്നു. കളിക്കാൻ കൂട്ടുകാർ ഇല്ലാത്തതുകൊണ്ട് അവൾ എപ്പോഴും ദുഃഖിതയായിരുന്നു.. പക്ഷേ അവൾക്ക് നന്നായി നീന്താൻ അറിയാമായിരുന്നു. അവളുടെ സ്കൂളിൽ വലിയൊരു കുളം ഉണ്ടായിരുന്നു.



അങ്ങനെയൊരു ദിവസം ആ കുളത്തിന്റെ കരയിൽ അവൾ ഇരിക്കുകയായിരുന്നു. അപ്പോൾ അവളെ ഏറ്റവും കൂടുതൽ കളിയാക്കി കൊണ്ടിരുന്ന കുട്ടിയും അവളുടെ കൂട്ടുകാരികളും അവിടേക്ക് വന്നു. അവർ അവളെ കളിയാക്കാൻ തുടങ്ങി. പെട്ടെന്ന് കളിയാക്കി കൊണ്ടിരുന്ന കുട്ടി കാല് തെറ്റി കുളത്തിൽ വീണു. അവിടെ നിന്നിരുന്ന ഒരു കുട്ടിക്കും നീന്തൽ അറിയാമായിരുന്നില്ല. ജാനകിക്ക് മാത്രമേ നീന്തൽ അറിയാമായിരുന്നുള്ളൂ. അവൾ പിന്നെ ഒന്നും ചിന്തിച്ചില്ല. കുളത്തിലേക്ക് എടുത്തുചാടി. അവൾ ആ കുട്ടിയെ രക്ഷിച്ചു. ആ കുട്ടി പറഞ്ഞു: "നന്ദി ജാനകി.. നിന്നോട് പറഞ്ഞാൽ തീരാത്ത കടപ്പാട് ഉണ്ട്. നീയാണ് എന്റെ ജീവൻ രക്ഷിച്ചത്. ഞാൻ നിന്നെ കളിയാക്കുന്നതിന് ക്ഷമ ചോദിക്കുന്നു. നീ എന്നെ വേണമെങ്കിലും ചോദിച്ചോളൂ ഞാൻ എന്ത് വേണമെങ്കിലും തരും." അപ്പോൾ ജാനകി പറഞ്ഞു: "ഞാൻ പറയുന്ന ഒരേയൊരു കാര്യം മാത്രം നീ ചെയ്തു തന്നാൽ മതി. നീ എന്റെ കൂട്ടുകാരിയാകണം." അപ്പോൾ ആ കുട്ടി പറഞ്ഞു: "ഇന്ന് മുതൽ നീ എന്റെ ഏറ്റവും അടുത്ത കൂട്ടുകാരിയാണ്". ആ കുട്ടിയെ രക്ഷിച്ചതിന് സ്കൂളിൽനിന്ന് അവൾക്ക് പാരിതോഷികം ലഭിച്ചു.

# പ്രകൃതിയാകുന്ന ലഹരി

ആസ്വാദനക്കുറിപ്പ്
അക്ഷര കെ പി 9D

ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ ബാഷ്പാഞ്ജലി എന്ന കവിതയിൽ നിന്നെടുത്ത സൗന്ദര്യലഹരി എന്ന പാഠഭാഗത്തിന്റെ ആസ്വാദനക്കുറിപ്പ്-

പ്രഭാതത്തിൽ പൂർവദിക്കിൽ നിന്നു സിന്ദൂര വർണം പൂശി കൊണ്ടും പൂവിനെ ആഹ്ലാദം കൊള്ളിച്ചുകൊണ്ടും പുലരി വന്നെത്തുന്നു. ആകാശത്ത് മുല്ല മൊട്ടുകൾ ആകുന്ന നക്ഷത്രങ്ങൾ വാരി വിതറി ആഹ്ലാദഭരിതയായി സന്ധ്യ വന്നെത്തുന്നു. വാനിൽ ഉല്ലസിച്ചെത്തുന്ന പൂർണ്ണ ചന്ദ്രന്റെ പൂനിലാവിൽ കുളിച്ചുകൊണ്ട് രജനി എത്തുന്നു. പൂർണ്ണമായി എത്തുന്ന തണുത്ത ഇളം തെന്നൽ തളിർത്തു നിൽക്കുന്ന വൃക്ഷങ്ങളെ തഴുകി തളരുന്നു. ആകാശത്തെ മനസ്സിലേന്തി സ്വന്തം തിരകളിൽ താളം പിടിച്ച് പാട്ടുകൾ പാടിയൊഴുകി പളുങ്കുമണികൾ പോലെ ജലകണികകൾ തേൻ തുളുമ്പുന്ന പൂവിന് ചുറ്റും തേനീച്ചകൾ മുരൾച്ചയോടെ പറന്നു കളിക്കുന്നു.



വല്ലരികളാകുന്ന നർത്തകികൾ തളിരുകൾ നിറഞ്ഞ ചില്ലകൈകളായി നൃത്തം ചെയ്യുന്നു. പ്രകൃതിയുടെ ഈ സൗന്ദര്യ ലഹരിയിൽ അറിയാതെ നമ്മളും അവരോടൊപ്പം ഏതോ പരമാനന്ദ പ്രവാഹത്തിൽ മുഴുകുകയാണ്.

# വൃക്ഷങ്ങൾ ദൈവത്തിന്റെ ദാനം

ലേഖനം


ഹരികൃഷ്ണ പി 6E

വൃക്ഷങ്ങൾ, അത് നമ്മുടെ ജീവന് തുല്യമായി കാണേണ്ട ഒന്നാണ്. എന്നിട്ടും നമ്മൾ മരങ്ങളെ ഭൂമിയിൽ നിന്ന് പിഴുത് എറിയുന്നു അല്ലെങ്കിൽ മുറിക്കുന്നു. ഇത് നമ്മൾ പ്രകൃതിയോട് ചെയ്യുന്ന ഏറ്റവും വലിയ ക്രൂരതയാണ്. നമ്മൾ ഒരു മരം മുറിച്ചാൽ പത്ത് മരം നടണം എന്നാണ്. എന്നിട്ടും ഒരു ദിവസം ലോകത്ത് എത്രയോ മരങ്ങൾ മുറിക്കപ്പെടുന്നു.

വനങ്ങളിൽ നിന്ന് എത്രയോ മരങ്ങൾ കടത്തുന്നുണ്ട്. വനം വകുപ്പെല്ലാം ഉണ്ടെങ്കിലും ഇതിനൊരു അറുതി വരുത്തുവാൻ കഴിയുന്നില്ല.

വൃക്ഷങ്ങൾ വനങ്ങളിൽ നിന്ന് മുറിക്കുമ്പോൾ വനങ്ങൾ നശിക്കുന്നു. വനങ്ങൾ നശിക്കുമ്പോൾ പല പ്രശ്നങ്ങളും ഉണ്ടാകുന്നു. ജീവികൾക്ക് വാസസ്ഥലം നഷ്ടപ്പെടുന്നു. ജീവികൾക്ക് വാസസ്ഥലം നഷ്ടമായാൽ അവ ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങും. ഇങ്ങനെ ഇറങ്ങുന്ന ജീവികൾ മനുഷ്യരുടെ വിളകൾ നശിപ്പിക്കുന്നു. കാട്ടിൽ നിന്ന് ജനവാസ കേന്ദ്രങ്ങളിലേക്ക് എത്തിയ കടുവയും പുലിയും ആനയും എല്ലാം ജനങ്ങളെ ആക്രമിക്കുന്നു, കൊല്ലുന്നു.

പിന്നെ ഉണ്ടാകുന്ന പ്രശ്നമാണ് അന്തരീക്ഷത്തിൽ ഓക്സിജന്റെ അളവ് കുറയുന്നത്. മരങ്ങളും വൃക്ഷങ്ങളുമാണ് പ്രകാശസംശ്ലേഷണത്തിലൂടെ ഓക്സിജൻ ഉത്പാദിപ്പിക്കുന്നത്. മരങ്ങൾ മുറിക്കുന്നതിലൂടെ ഉൽപാദനത്തിന്റെ അളവ് കുറയും. അങ്ങനെയും ഉണ്ടായാൽ പല ജീവികളും ഈ ലോകത്തുനിന്നും ഇല്ലാതാകും.



പല ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും

വൃക്ഷങ്ങളെ ഉപയോഗിക്കുന്നു. ഉദാഹരണത്തിന് പേപ്പർ.

നമ്മുടെ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് പേപ്പർ. അത് നിർമ്മിക്കുന്നതിന് മരങ്ങൾ മുറിക്കണം. ഉണ്ടാക്കിയ പേപ്പറുകൾ ഉപയോഗിച്ചാൽ അത് വലിച്ചെറിയും അല്ലെങ്കിൽ കത്തിക്കും. ഈ നശിപ്പിച്ചു കളയുന്ന പേപ്പറുകൾ റീസൈക്കിൾ ചെയ്താൽ വളരെ നല്ലതാണ്. മരം മുറിക്കുന്നത് കുറയും. പ്രകൃതിക്ക് ഉപകാരവുമാണ്.

ലോകത്ത് മരം മുറിക്കുന്നതിലൂടെ പല പല പ്രശ്നങ്ങൾ ഉണ്ടാകുന്നു. വൃക്ഷങ്ങൾ നശിപ്പിക്കുന്ന ഒരു മനോഭാവം നമ്മളിൽ നിന്നും മാറിയാൽ ഹരിതാഭമായ ലോകം നമുക്ക് ലഭിക്കും.

# വിടചൊല്ലും മുൻപേ

കവിത
നവ്യശ്രീ പി 9B

എൻ ഇതളുകൾ
ഉതിർന്നിതാ കൊടുംകാറ്റിൽ ...
കാലം മായും തോറും തുടർന്നിതാ ...
കൊഴിയും മുൻപേ ഞാൻ ഓർക്കുന്നു

എന്നും എന്നെ മാറോടണയ്ക്കുന്ന
മാരിയേയും മൃദുലമായി തഴുകുന്ന
മാരുതനേയും...

ദിനം തോറുമെൻ
തേൻ നുകരുന്ന വണ്ടുകളെയും
കുഞ്ഞുടുപ്പിട്ടെന്നരികിൽ
വരുന്ന പൈതങ്ങളെയും

മരണത്തിന്റെ വാതിലുകൾ
അടുത്തേക്ക് വരുമ്പോൾ ഞാൻ
നിശബ്ദമായിപോകുന്നു ആരോടും
ഒന്നും മൊഴിയാതെ ഞാൻ മറയുന്നു .......



# □□ □ □ □□


POEM
ATHISAYA.K 9F

What worlds of wonder are our books
As one opens them and books,
New ideas and people rise
In our fancies and our eyes.

The room we sit in melts away
And we find ourselves at play
With someone who,before the end
May become our chosen friend

Or we sail along the page
To some other land or age,
Here's our body in the chair ,
But our mind is over there.


Each book is a magic box
Which with a touch a child unlocks
In between their outside covers
Books hold all things for their lovers.



# ചന്ദ്രന് വിവിധ രൂപങ്ങൾ ആയതെങ്ങനെ?

കഥ

ആതിര പി കെ 9B



ഒരിടത്തിടത്ത് അമ്മു എന്ന് പേരുള്ള ഒരു കുട്ടി ഉണ്ടായിരുന്നു. അവൾക്ക് ആരും തന്നെ കൂട്ടുകാരായി ഉണ്ടായിരുന്നില്ല. അങ്ങനെ ഒരു ദിവസം രാത്രി സങ്കടത്തോടെ അവൾ കിടക്കുകയായിരുന്നു. അങ്ങനെയിരിക്കെ ജനലിലൂടെ അവൾ സുന്ദരമായി പ്രകാശിക്കുന്ന എന്തോ ഒന്ന് കണ്ടു. അത് കാണാനായി അവൾ ഓടി ടെറസിൽ എത്തി. അതാ മാനത്ത് അവളെ നോക്കി പുഞ്ചിരിക്കുന്ന ചന്ദ്രൻ. അപ്പോൾ അമ്മ അവളെ വിളിക്കുന്നതായി അവൾക്ക് തോന്നി. കൂടുതൽ നേരം നോക്കി നിൽക്കാനാവാതെ അവൾ ഉറങ്ങാൻ പോയി. പിറ്റേന്ന് ആകാംക്ഷയോടെ സന്ധ്യയാവാൻ അവൾ കാത്തിരുന്നു. സന്ധ്യയായി. അവൾ ടെറസിലേക്ക് ഓടി. കഴിഞ്ഞ ദിവസത്തേക്കാൾ അടുത്തായിരുന്നു അന്ന് ചന്ദ്രൻ. അവർ കൂട്ടുകാരായി. സങ്കടങ്ങളും സന്തോഷങ്ങളും പരസ്പരം പങ്കുവെക്കാൻ തുടങ്ങി.

അങ്ങനെ ഒരു ദിവസം പുത്തനുടുപ്പിട്ട് അമ്പിളിമാമനെ കാണാൻ അവൾ ടെറസിലേക്ക് ഓടി. സംസാരിച്ചുകൊണ്ടിരിക്കെ ചന്ദ്രൻ പറഞ്ഞു: "നീ എല്ലാദിവസവും പലനിറത്തിലുള്ള വസ്ത്രങ്ങൾ ആണല്ലോ ധരിക്കുന്നത്. പക്ഷേ എനിക്ക് നിന്നെപ്പോലെ വസ്ത്രം മാറാൻ കഴിയില്ല". അപ്പോൾ അമ്മു പറഞ്ഞു: "അതിനെന്താ നിനക്ക് നിറം മാറാൻ കഴിയില്ല എന്നല്ലേയുള്ളൂ.. രൂപം മാറാലോ.." പിറ്റേന്ന് അമ്മു നോക്കുമ്പോൾ

ചന്ദ്രൻറെ കുറച്ചുഭാഗം കാണ്മാനില്ല. ഒരാഴ്ച കഴിഞ്ഞപ്പോൾ മാനത്ത് ചന്ദ്രനെ കാണുന്നില്ല. പിറ്റേന്ന് ചന്ദ്രൻ വന്നപ്പോൾ അമ്മു ചോദിച്ചു: "ഇന്നലെ എന്താ വരാതിരുന്നത്?" അപ്പോൾ ചന്ദ്രൻ പറഞ്ഞു: "രൂപം മാറിയാൽ രണ്ടാഴ്ചയിൽ ഒരിക്കൽ എന്നെ കാണാൻ കഴിയില്ല. ഒരു ദിവസം പൂർണ്ണമായും കാണാൻ സാധിക്കും."

അങ്ങനെ പൂർണ്ണചന്ദ്രനെ കാണുന്ന ദിവസം അമ്മു സന്തോഷിക്കുന്നതിനാൽ പൗർണമി എന്നറിയപ്പെടുന്നു. ചന്ദ്രനെ ഒട്ടും കാണാത്ത ദിവസം അമ്മു വിഷമിക്കുന്നതിനാൽ അമാവാസി എന്നും അറിയപ്പെടുന്നു.

# ഭംഗിയില്ലാത്ത താറാക്കുഞ്ഞ്

കഥ

രൂപശ്രീ എം 5A

അതൊരു വേനൽക്കാലമായിരുന്നു. സ്വർണ്ണനിറമുള്ള ചോരക്കതിരുമായി പാടങ്ങൾ കൊയ്ത്തിനു പാകമായി നിന്നു. ചുറ്റും ആസ്വാദകരമായ മണം. പൂമ്പാറ്റകൾ പൂക്കൾക്ക് ചുറ്റും പറന്നു കളിച്ചു. തേനീച്ചകളുടെ മുരളൽ എല്ലായിടത്തുനിന്നും ഉയർന്നു കേൾക്കാം. കുളത്തിനരികെ, കുറ്റിച്ചെടികളുടെ നിഴലിൽ ഒരു അമ്മ താറാവ് മുട്ടകളുടെ മേൽ ക്ഷമയോടെ അടയിരിക്കുന്നുണ്ടായിരുന്നു. മുട്ട വിരിഞ്ഞ് തന്റെ ഓമന കുഞ്ഞുങ്ങൾ പുറത്തുവരുന്നത് കാണാൻ കാത്തിരിക്കാൻ തുടങ്ങിയിട്ട് നാളുകളായി. തന്റെ മുട്ടകൾ വിരിയാൻ ഒരുപാട് സമയം എടുക്കുന്നു എന്ന് അവൾക്ക് തോന്നി. അടയിരിക്കുന്നത് അവൾക്ക് മുഷിഞ്ഞു തുടങ്ങി. "എന്തെങ്കിലും അനക്കം ഉണ്ടോ ആവോ?" അവളെഴുന്നേറ്റ് ഒന്ന് തിരിഞ്ഞുനോക്കി. അനക്കമേ ഇല്ല. മുട്ടകൾ അങ്ങനെ തന്നെ ഇരിക്കുന്നു.

ഒടുവിൽ അത് സംഭവിച്ചു. ഒരു മുട്ടത്തോട് പൊട്ടി. പിന്നെ ഒന്നിന് പിറകെ ഒന്നായി മുട്ടകൾ വിരിഞ്ഞു. കാഴ്ചയ്ക്ക് കൗതുകം തോന്നുന്ന രൂപത്തോടെ കുഞ്ഞ് താറാവുകൾ പുറത്തുവന്നു. അവ അമ്പരന്ന് ചുറ്റും നോക്കി. "ക്വാക്ക്, ക്വാക്ക്!" അവ ചിലച്ചു. പിന്നെ വിസ്മയത്തോടെ കുഞ്ഞിക്കണ്ണുകൾ മിഴിച്ച് ഓരോന്നും ഉറ്റുനോക്കി. "ക്വാക്ക്, ക്വാക്ക്!" അവരുടെ ശബ്ദത്തിൽ അത്ഭുതം കലർന്നിരുന്നു. "ഒക്കെ കാത്തിരുന്ന് കാണുക." അത് കേൾക്കേ അമ്മ താറാവ് പറഞ്ഞു. "ഈ വലിയ ലോകത്ത് നിങ്ങൾക്കിനിയും ഒരുപാട് കാര്യങ്ങൾ കാണാനുണ്ട്." അമ്മ

താറാവ് തൻറെ മക്കളെ ചൊല്ലി കാര്യമില്ലാതെ ഒച്ചപ്പാട് ഉണ്ടാക്കി. എല്ലാ മക്കളും അടുത്തുതന്നെ ഉണ്ടോ എന്ന് ഇടയ്ക്കിടെ അതീവ ശ്രദ്ധയോടെ നോക്കി. എന്നാൽ ഒരു മുട്ട മാത്രം ഇത്രയും ദിവസമായിട്ടും വിരിഞ്ഞില്ലെന്നവൾ ഒട്ടൊരു അസ്വസ്ഥതയോടെ മനസ്സിലാക്കി. എല്ലാറ്റിലും വലിയ ഒരു മുട്ടയായിരുന്നു അത്. ഒരു നെടുവീർപ്പോടെ അമ്മ താറാവ് വീണ്ടും അടയിരിക്കാനായി തിരിഞ്ഞു. ഒരു വയസ്സി താറാവ് ആ സമയത്താണ് അവളെ കാണാനായി വന്നത്. "അടയിരിക്കൽ ഇപ്പോഴും കഴിഞ്ഞില്ലേ.." അവൾ ചോദിച്ചു. ഒരു "വലിയ മുട്ട മാത്രം ഇതുവരെ വിരിഞ്ഞില്ല. എത്ര നാളായിയെന്നോ ഈ ഇരിപ്പു തുടങ്ങിയിട്ട്." അമ്മ പറഞ്ഞു. എന്തൊരു വലിപ്പമാ ഈ മുട്ടയ്ക്ക്. വളരെ വിചിത്രമായിരിക്കുന്നു. ആ മുട്ട വിരിഞ്ഞപ്പോൾ ഒരു ഭംഗിയില്ലാത്ത താറാക്കുഞ്ഞ് പുറത്തുവന്നു. ഇത് കണ്ടപ്പോൾ അമ്മ താറാവിന് സങ്കടം വന്നു. ഈ കുട്ടിയെ മറ്റു താറാ കുഞ്ഞുകളിൽ നിന്ന് അമ്മ അകറ്റിനിർത്തി. ഭംഗിയില്ലാത്ത താറാക്കുട്ടി ഒറ്റപ്പെട്ടുപോയി.

# കൃഷിക്കൊപ്പം

കഥ
നവതേജ് 6C



ഒരു ഗ്രാമത്തിൽ അഞ്ചു സഹോദരങ്ങളും അവരുടെ അമ്മയും അച്ഛനും ജീവിച്ചിരുന്നു. പക്ഷേ അവരുടെ കയ്യിൽ പണം ഉണ്ടായിരുന്നില്ല. അവരുടെ കുടുംബക്കാർ അവർക്ക് പാടം നൽകി. ഇതിൽ നിന്ന് ലഭിക്കുന്ന പണംകൊണ്ടാണ് അവർ ഇത്രയും നാൾ ജീവിച്ചത്. അവരുടെ മക്കൾ നാലുപേരും മടിയന്മാരായിരുന്നു. പക്ഷേ ഒരുത്തൻ മാത്രം അവന്റെ അച്ഛനെയും അമ്മയെയും സഹായിക്കുമായിരുന്നു. എപ്പോഴും അവരുടെ നാല് മക്കൾ കളിച്ചുകൊണ്ടിരിക്കുമ്പോൾ അവൻ മാത്രം അവരെ പാടത്ത് സഹായിക്കും. അമ്മയെ വെള്ളം കോരാൻ സഹായിക്കും. അച്ഛൻ നടുന്ന നെല്ലുകളും പച്ചക്കറികളും നടാൻ അവൻ അച്ഛനെ സഹായിക്കും. ഇവന് ഇങ്ങനെ കൃഷി ചെയ്യുന്നത് വളരെ ഇഷ്ടമാണ്. അതുകൊണ്ട് അവനോട് ഈ പച്ചക്കറികൾ സംസാരിക്കുന്നുണ്ടെന്ന് അവന് തോന്നി. അവൻ എപ്പോഴും നട്ട ഒരു ചീരയെ നോക്കി സംസാരിക്കും. അമ്മയോടൊപ്പം പാടത്ത് പോകും. അവന് ഇതൊരു ശീലമായി തീർന്നു. അമ്മ പാടത്ത് പോകാതിരിക്കുമ്പോഴും അവൻ പാടത്ത് പോകും.

അവർ വളർന്നു. അമ്മയും അച്ഛനും കിടപ്പിലായി. അച്ഛൻ പറഞ്ഞു: "മക്കളെ.. ഞാൻ എന്തായാലും മരിക്കും അതുകൊണ്ട് മക്കൾക്ക് ഇഷ്ടമുള്ള സ്ഥലം നിങ്ങൾ എടുത്തോ. പക്ഷേ ആ സ്ഥലത്ത് കൃഷി നടത്തണം എന്നാൽ ഒരു അത്ഭുതം നടക്കും. നിങ്ങൾ ഇവിടെ വീടോ കെട്ടിടങ്ങളോ പണിയരുത്." എട്ടു ദിവസം കഴിഞ്ഞു അച്ഛൻ മരിച്ചു. പക്ഷേ അവരുടെ നാലു മക്കൾ അച്ഛൻ പറഞ്ഞതനുസരിക്കാതെ വീടുകളും കെട്ടിടങ്ങളും പണിയാൻ ഏർപ്പാട് ചെയ്തു. അവരുടെ നല്ല മകൻ മാത്രം അവിടെ അച്ഛൻ പറഞ്ഞതുപോലെ കൃഷി ചെയ്യാൻ തുടങ്ങി. അവൻ പച്ചക്കറികൾ നടാൻ കുഴി കുഴിക്കുമ്പോൾ സ്വർണം കിട്ടും. ഇതാണ് അവന്റെ അച്ഛൻ പറഞ്ഞ

# ഉറുമ്പും പൂമ്പാറ്റയും

കഥ
ഷിഫ കെ 5A



പണ്ട് പണ്ട് ഒരു ഉറുമ്പും പൂമ്പാറ്റയും ഉണ്ടായിരുന്നു. ഉറുമ്പിനെ കണ്ടാൽ എല്ലാവരും മെലിയൻ, മെലിയൻ എന്ന് വിളിച്ച് കളിയാക്കും. പൂമ്പാറ്റയെ കണ്ടാൽ ചേതോഹരമായ പൂമ്പാറ്റ എന്ന് വിളിച്ച് സ്വാഗതം ചെയ്യും. അപ്പോൾ ഉറുമ്പിന് നല്ല സങ്കടം വരും.

ഒരു ദിവസം പൂമ്പാറ്റ ചെടിയിൽ നിന്ന് തേൻ കുടിക്കുകയായിരുന്നു. അപ്പോൾ ഉറുമ്പ് അതുവഴി പോകുകയായിരുന്നു. അത് ദുഷ്ടത്തി പൂമ്പാറ്റ കണ്ടു. പൂമ്പാറ്റ ഉറുമ്പിനെ വിളിച്ചു. ഉറുമ്പ് ചോദിച്ചു: "എന്താ പൂമ്പാറ്റേ?" പൂമ്പാറ്റയ്ക്ക് ഉറുമ്പിനോട് ശത്രുതയാണ്. പക്ഷേ ഉറുമ്പിന് പൂമ്പാറ്റ കൂട്ടുകാരിയാണ്. പൂമ്പാറ്റ ഉറുമ്പിനെ കണ്ട് നിർത്താതെ ചിരിക്കുകയും കളിയാക്കുകയും ചെയ്തു. ഉറുമ്പിന് ഇത് സഹിക്കാനായില്ല. പൂമ്പാറ്റ ഉറുമ്പിനെ കൂട്ടിലാക്കാൻ വേണ്ടി കുറച്ച് കൂട്ടുകാരെ ഏൽപ്പിച്ചിട്ടുണ്ടായിരുന്നു. എന്നിട്ട് ഉറുമ്പ് കരയുന്ന തക്കം നോക്കി പൂമ്പാറ്റയുടെ കൂട്ടുകാർ ഉറുമ്പ് അറിയാതെ വല ഉറുമ്പിനു മുകളിലേക്ക് എറിഞ്ഞു. ഉറുമ്പ് കൂട്ടിൽ അകപ്പെട്ടു. ഉറുമ്പിന് കൂട്ടിൽ നിന്ന് ഇറങ്ങാൻ ഒരു വഴിയുമില്ലായിരുന്നു. ആദ്യമേ പൂമ്പാറ്റയ്ക്ക് അറിയാമായിരുന്നു ഉറുമ്പ് ഭക്ഷണം തേടി നടക്കുന്നതാണെന്ന്. ഉറുമ്പ് കുറെ കാലം കൂട്ടിലാവുകയും പട്ടിണി ആവുകയും ചെയ്തു. അങ്ങനെ ഒരു മാസം കഴിഞ്ഞപ്പോൾ ഉറുമ്പ് ചത്തുപോയി. പൂമ്പാറ്റയ്ക്ക് നല്ല സന്തോഷം വന്നു. പിന്നെ ദുഷ്ടയായ പൂമ്പാറ്റക്ക് അപകടങ്ങൾ ഒക്കെ വന്നു. അപ്പോൾ പൂമ്പാറ്റയ്ക്ക് മനസ്സിലായി ഞാൻ ഉറുമ്പിനെ കൊല്ലുകയും അതിനെ കൂട്ടിലാക്കുകയും പട്ടിണിയാക്കുകയും ചെയ്തു. അതിന്റെ ശിക്ഷ ആണ് ഇതെന്ന്. എന്നിട്ട് പൂമ്പാറ്റ ദൈവത്തോട് ഒരായിരം മാപ്പ് ചോദിച്ചു. പിന്നീട് പൂമ്പാറ്റ സത്യസന്ധയായി ജീവിച്ചു.

ഗുണപാഠം - ഒരിക്കലും അഹങ്കാരവും മറ്റുള്ളവരെ കുറവാക്കുകയും

# അമ്മിണി പശുവിന്റെ കൂട്ടുകാർ

കഥ
ലിസ ലാമിയ

ഒരു ദിവസം അമ്മിണിയും കൂട്ടുകാരും കളിക്കുകയായിരുന്നു. പിന്നെ ഒരു കുഞ്ഞുമുണ്ട്. അവർ കളിക്കുന്നതിനിടയിൽ കുഞ്ഞു വന്ന് പറഞ്ഞു: "അമ്മിണിനെ വിൽക്കുന്നു എന്ന് അച്ഛൻ പറയുന്നുണ്ട്." അമ്മിണി പോയാലെങ്ങനെയാ എന്ന് നായക്കുഞ്ഞു പറഞ്ഞു. അപ്പോൾ കാക്ക പറഞ്ഞു: "എനിക്കറിയാവുന്ന ഒരു കുറുക്കൻ ഉണ്ട്. നമുക്ക് അവിടെ പോകാം." അതും പറഞ്ഞുകൊണ്ട് അവർ കാട്ടിലേക്ക് നടന്നു. അങ്ങനെ കാക്ക ഉച്ചത്തിൽ കിട്ടു കുറുക്കാ എന്ന് വിളിച്ചു. അപ്പോൾ കിട്ടു കുറുക്കൻ പുറത്തുവന്നു. അവർ കാര്യങ്ങൾ മുഴുവൻ പറഞ്ഞു കൊടുത്തു. കിട്ടു അവൻറെ കുരുട്ടുബുദ്ധികൊണ്ട് അവർക്ക് ഒരു ബുദ്ധി പറഞ്ഞുകൊടുത്തു. പാമ്പും കാക്കയും പൂച്ചയും നായക്കുഞ്ഞും ആണ് പോയത്. കിട്ടു പറഞ്ഞു: "ഈ പാമ്പ് വീട്ടിലിരിക്കുന്ന കുഞ്ഞിനെ ആക്രമിക്കുന്നത് പോലെ അഭിനയിക്കണം. അപ്പോൾ അമ്മിണി വന്നു രക്ഷിക്കുന്നതും അഭിനയിക്കണം. എന്നാൽ നിങ്ങളുടെ അമ്മിണി എവിടെയും പോവില്ല." അവർ വീട്ടിൽ പോയി എല്ലാം പറഞ്ഞുകൊടുത്തത് പോലെ ചെയ്തു. വീട്ടിലെ അച്ഛൻ എവിടെയും അമ്മിണിയെ പറഞ്ഞു വിട്ടില്ല. അവർ സന്തോഷിച്ചു കളിച്ചുകൊണ്ടിരുന്നു.

# മുയലും പൂച്ചയും

കഥ
സുഹാന ഫാത്തിമ വി 5A

പണ്ട് ഒരു കാട്ടിൽ കുറെ ചങ്ങാതിമാർ ഉണ്ടായിരുന്നു. രണ്ടു കൂട്ടുകാർ ആയിട്ടായിരുന്നു കാട്ടിൽ ഉള്ളവരെ നിയമിച്ചിരുന്നത്. ഒരു പൂച്ചക്കുട്ടിക്ക് മാത്രം കൂട്ടുകാർ ഉണ്ടായിരുന്നില്ല. അതുകൊണ്ട് പൂച്ചക്കുട്ടിയെ എല്ലാവരും കളിയാക്കുമായിരുന്നു. അവൾ വളരെയധികം സങ്കടത്തിലായിരുന്നു.

ഒരിക്കൽ അവൾ ഈ കാട്ടിൽ നിന്ന് മറ്റൊരു കാട്ടിലേക്ക് പോകാൻ തീരുമാനിച്ചു. ഒരു ദിവസം രാത്രി പൂച്ച കുട്ടി കാടുവിട്ടിറങ്ങി. അങ്ങനെ പൂച്ചക്കുട്ടി കുറെ ദൂരം നടന്നു പൂച്ച വിചാരിച്ചു, ഏതെങ്കിലും ഒരു കാട്ടിൽ എന്നെപ്പോലെ തനിച്ചിരിക്കുന്ന ആരെങ്കിലും ഉണ്ടെങ്കിൽ അവരെ കൂട്ടുകാർ ആക്കാം. അങ്ങനെ വീണ്ടും കുറേ ദൂരം പൂച്ചക്കുട്ടി നടന്നു. രാത്രിയായപ്പോൾ അവൾക്ക് ക്ഷീണം വന്നു. അവൾ ഒരു മരം കണ്ടു. ആ മരത്തിന് താഴെ അവൾ ഉറങ്ങി.

രാവിലെ ആയിട്ടും അവൾ ഉണർന്നില്ല. പെട്ടെന്ന് അവൾ ഉണർന്നു. അവൾ അപ്പോൾ തന്നെ വന്ന കാര്യത്തിനുവേണ്ടി നടക്കാൻ തുടങ്ങി. അപ്പോൾ അവൾ തന്നെപ്പോലെ തനിച്ചിരിക്കുന്ന മുയൽ കുട്ടിയെ കണ്ടു. മുയൽ കുട്ടിയുടെ അടുത്തേക്ക് പോയി അവൾ ചോദിച്ചു: "ഹേയ് മുയൽ കുട്ടി! നീ തനിച്ചാണോ?" അവൾ പറഞ്ഞു: "അതെ, ഞാൻ തനിച്ചാണ്. എനിക്ക് കൂട്ടുകാർ ആരുമില്ല." പൂച്ചക്കുട്ടി പറഞ്ഞു: "എനിക്കും കൂട്ടുകാർ ആരുമില്ല. ഞാൻ തനിച്ചാണ്. നമുക്ക് കൂട്ടുകാർ ആയാലോ?" മുയൽ കുട്ടി പറഞ്ഞു: "അതിനെന്താ.. കൂട്ടുകാരാവാലോ." അപ്പോൾ മുതൽ പൂച്ചക്കുട്ടിയും മുയൽ കുട്ടിയും കൂട്ടുകാരാണ്. അവർ വളരെയധികം സന്തോഷത്തിൽ ആയിരുന്നു.

ഗുണപാഠം - നമ്മൾ  ഒരു കാര്യത്തിനായി നന്നായി പരിശ്രമിച്ചാൽ അത് നടക്കും.

# ഇടവപ്പാതി

കവിത
പാർവണേന്ദു പി.വി 8C

ഇടവപ്പാതി കഴിഞ്ഞു  മാനം
മഴയുടെ വരവിനായി കാത്തല്ലോ
തുള്ളികൾ  പെയ്തുഭൂമി കുളിർത്തു
തൊടിയിലെ ചെടികൾ ഒന്നു കിളിർത്തു
മാനത്താകെ കാർനിറമായി
മഴവില്ലാണേൽ മാഞ്ഞും പോയി
കരകൾ കവിഞ്ഞു ഭൂമി നിറഞ്ഞു
മഴയുടെ പിറവീം ഇടിയുടെ വരവും
നാടൊന്നാകെ പരവശമായി
മഴയൊന്നാണേൽ
കനത്തും പോയി



# പശി

കവിത
നവ്യശ്രീ പി  9B

നാളുകൾ പലതും കഴിഞ്ഞു
എൻ ഉടലുകൾക്കുള്ളിലെ
അറകൾ അടയും പോലൊരു തോന്നൽ

പഞ്ഞത്തിന്റെ പടുകുഴികൾ
താണ്ടി താണ്ടി
ജീവിതം നടുങ്ങും പോലെ...

അൽപ്പം അന്നം കൊതിക്കുന്ന
വല്ലപ്പോഴും വിഴുങ്ങുമീ
പഴകിയ ഭക്ഷണം...
ഇത്ര രുചിയുണ്ടാവുമോ
ബാക്കിയുള്ളവയ്ക്ക്?

കാഴ്ചകൾ മങ്ങുന്ന
എന്നുമീ കാത്തിരിപ്പിൻ വേളകൾ
നിശബ്ദമാകും പോലൊരു തോന്നൽ

# അമ്മയുടെ സ്നേഹം

കഥ

ഹരിദേവ് പി വി 8F



അപ്പു ഒരു വികൃതി കുട്ടിയായിരുന്നു. അവന് അച്ഛനില്ല അമ്മ മാത്രമേയുള്ളൂ. വളരെ കഷ്ടപ്പെട്ടാണ് അമ്മ അവനെ വളർത്തിയിരുന്നത്. അങ്ങനെ ഒരു ദിവസം രാവിലെ അപ്പു ഉണർന്നു. അമ്മ പറഞ്ഞു "കുറച്ചു സമയം പഠിക്കു മോനെ". അവൻ അത് കേട്ടതായി ഭാവിക്കാതെ നടന്നു. അമ്മ അവന് ഭക്ഷണം കൊടുത്തു അടുക്കളയിലെ ജോലികൾ പെട്ടെന്ന് തീർത്തു. അവൻ അമ്മയോട് ചോദിച്ചു "അമ്മേ ഞാനെന്റെ ചങ്ങാതിമാരുടെ കൂടെ കളിക്കുവാൻ പോയിക്കോട്ടെ?". അമ്മ പറഞ്ഞു "നീ പോയിക്കോ, പക്ഷേ അവിടെയുള്ള മരക്കൊമ്പിൽ കയറരുത്. അത് ഉണങ്ങി നിൽക്കുകയാണ്". അമ്മയുടെ വാക്കുകൾ ധിക്കരിച്ച് അവൻ അവിടെയുള്ള മരക്കൊമ്പിൽ കയറി. മരക്കൊമ്പ് പൊട്ടി അവൻ താഴെ വീണു. അവന്റെ കൈയും കാലും പൊട്ടി, നടക്കുവാൻ വയ്യാതെ വീട്ടിൽ കിടക്കുമ്പോൾ അവന്റെ അമ്മ അവനെ നല്ലവണ്ണം ശുശ്രൂഷിച്ചു. പക്ഷേ അമ്മ അവനോട് മിണ്ടിയതേയില്ല. അവന് വല്ലാതെ വിഷമം വന്നു.

അപ്പോൾ അവനെ അമ്മ പറഞ്ഞത് അനുസരിക്കാത്തത് കൊണ്ടാണ് ഈ അപകടം പറ്റിയതെന്ന് അവന് മനസ്സിലായി. അവൻ അമ്മയെ കെട്ടിപ്പിടിച്ച് ക്ഷമ പറഞ്ഞു. അവൻ പിന്നെ അമ്മ പറഞ്ഞതനുസരിച്ച് നല്ല കുട്ടിയായി വളർന്നു.

# മരണമേ സ്വസ്തി

കവിത
നിരുപമ സുരേഷ് 9F

തടി കിട്ടില്ല
സ്വർണ്ണം കട്ടില്ല
കൊന്നില
കൊലവിളിച്ചില്ല
നിലകൊണ്ടു
മനുഷ്യനുവേണ്ടി
മണ്ണിനുവേണ്ടി
ഒന്നും നടക്കില്ല സ്വാമീ...!
ഒന്നും നടത്തില്ല ഞങ്ങൾ
ഇതു കരിനിയമം വാഴുന്നിടം
ഇതു കോർപറേറ്റു കൊഴുക്കുന്ന നാട്
ഇതു കൗശലവേഷപ്പകർച്ചകളുടെ തട്ടകം
കിട്ടില്ല നീതി
ഒരു കച്ചിത്തുരുമ്പു പോലും
മരണമേ സ്വസ്തി
നിനക്കു കനിവില്ലെന്നു പറഞ്ഞു




# ماء النهر

القصيدة

هنا زينب

ماء النهر اسرع يجري
حين دعاه صوت البه
ثم انطلق يزوي البشر
يسقي السهل والمنحد
زيد حلو يعلو موحا
يرقصو فرحا يبهث بهجه
قال البحر تعالى حيا
اني اشتقت اليك بن
ماء النهر اسرع يجري
حين دعاه صوت البهر



# രാജ്യവും രാജാവും

കഥ
വേദനാഥ് പി വി

ഒരിടത്തൊരിടത്ത് ഒരു രാജ്യം ഉണ്ടായിരുന്നു. ആ രാജ്യത്തിന്റെ പേരാണ് സാന്ദ്രാവൂർ. അവിടെ ഒരു രാജാവും ഒരു രാജ്ഞിയും ഒരു രാജകുമാരനും ഉണ്ടായിരുന്നു. രാജാവിന്റെ പേര് ഷേർസിംഗ് എന്നായിരുന്നു. രാജകുമാരന്റെ പേര് ഹെൻട്രി എന്നായിരുന്നു. രാജ്ഞിയുടെ പേര് ഹെറിറിയൂൺ എന്നായിരുന്നു. ഹെൻട്രി വളരെ ബുദ്ധിമാനും സമർദ്ധനും ആയിരുന്നു.

ഒരു ദിവസം ഒരു ആക്രമണം ഉണ്ടായി. അത് അവരുടെ എതിർ രാജ്യമായിരുന്നു. പക്ഷേ ഈ രാജ്യത്തിന് അത്ര പെട്ടെന്നൊന്നും ആക്രമണം നടത്താനായില്ല, കാരണം നമ്മുടെ സാന്ദ്രരാജ്യത്തിൽ ഈ വിവരം എത്തിയിട്ടില്ലായിരുന്നു ആക്രമണം എതിർരാജ്യം നടത്തിയത്. എന്നാലും ആക്രമണം ആക്രമണം ആയിട്ട് തന്നെ ഇരിക്കുന്നു. ഇരു രാജ്യവും നല്ല യുദ്ധമാണ്. സാന്ദ്ര രാജ്യത്തിലെ കുറെ പടയാളികൾ മണ്ണിൽ വീഴേണ്ടിവന്നു. സാന്ദ്രരാജ്യം തോൽക്കാറായി എന്ന് അറിഞ്ഞപ്പോൾ, നമ്മുടെ രാജകുമാരനായ ഹെൻട്രി അവിടെ വന്നു. ഹെൻട്രി അടുത്തുള്ള കുറച്ച് മരങ്ങൾ വെട്ടി ചെറിയ വൃത്തത്തിൽ ഉള്ള ചില ടയറുകൾ ഉണ്ടാക്കി. ഒടുക്കം വലിയ ബസ്സിന്റെ നീളമുള്ള ഒരു പീരങ്കി ഉണ്ടാക്കി, എന്നിട്ട് കുറച്ചു മുളകൾ വെട്ടിയെടുത്ത് അതിന്റെ അറ്റം കൂർപ്പിച്ച് മുനപോലെ ആക്കിയ ശേഷം തന്റെ രാജകീയ വസ്ത്രം കീറി മുളയുടെ കൂർപ്പിച്ച് അറ്റത്ത് കെട്ടിവെച്ച് അതിനുള്ളിൽ മരക്കൊമ്പുകളും ഇലകളും കുത്തിനിറിച്ച് കുറച്ച് എണ്ണയൊഴിച്ച് രണ്ട് കല്ലുകൾ എടുത്ത് കൂട്ടി ഉരസി തീ ഉണ്ടാക്കി. കൂർപ്പിച്ച് മുളയിൽ വെച്ച് ഉടനെ കൂർപ്പിച്ച് അറ്റത്ത് തീ ആളിക്കത്താൻ തുടങ്ങി. അത് പീരങ്കിയിൽ വച്ച് ഒരു കയർ എടുത്ത് ഇരുവശത്തും ആ കയറു കെട്ടി വീശി വലിച്ചു. അത് പടയാളികളുടെ ശരീരത്ത് തുളച്ചു കയറി, അതിലുള്ള തീയേറ്റ അവർ മരിച്ചു. അങ്ങനെ ആ രാജ്യത്തിന്റെ രാജാവും മരിച്ചു കഴിഞ്ഞിരുന്നു. അങ്ങനെ ആ രാജ്യത്തെ രക്ഷിച്ചുകൊണ്ട് രാജകുമാരന് വിവാഹം നടത്താൻ നമ്മുടെ രാജാവ് കൽപ്പിച്ചു. അങ്ങനെ രാജകുമാരനെയും കൊണ്ട് പടയാളികൾ

കുതിരപ്പുറത്ത് യാത്രയായി. ഒടുക്കം ഒരു അരുവിയുടെ അറ്റത്ത് രാജകുമാരൻ ഒരു കാഴ്ച കണ്ടു. ഒരു രാജകുമാരി ആ അരുവിയിൽ താഴ്ന്ന പോകുന്നു. വേഗം കുതിരപ്പുറത്ത് നിന്ന് ഇറങ്ങി തന്റെ ജീവൻ പോലും നോക്കാതെ ആ അരുവിയിൽ എടുത്തുചാടി രാജകുമാരിയെ രക്ഷിക്കുകയും അവർ തമ്മിൽ ഇഷ്ടത്തിലാവുകയും ചെയ്തു. അങ്ങനെ അവർ വിവാഹിതരായി. അങ്ങനെ ആ രാജ്യവും രാജാവും സന്തോഷത്തോടെ ജീവിച്ചു.

# അവളെ കാത്തിരിക്കുകയാണ്

കഥ

കൃഷ്ണ തീർത്ഥ പി പി 8B

മഴ അനശ്വരമാണ്, പ്രണയമാണ്, സൗഹൃദമാണ്, കുടുംബമാണ്.. അങ്ങനെ പലതുമാണ്.. മഴ പലരുടെയും പ്രണയമാണ്. പ്രണയത്തിൻറെ ആരംഭമാണ്. അങ്ങനെ ഒരു മഴ എൻറെ ജീവിതത്തെതന്നെ മാറ്റിമറിച്ചു. രാത്രിയിലെ ഒരു ചൊരിയുന്ന മഴയിൽ അവളും പോയി. അവളാണ് എന്നെ മഴയെ ഇഷ്ടപ്പെടുത്തിയത്. ഓരോ മഴത്തുള്ളിയും പ്രണയമായി വീണുകൊണ്ടിരുന്നു. പക്ഷേ ഒറ്റരാത്രികൊണ്ട് ആ പ്രണയം മഴത്തുള്ളിയോട് കൂടി കുത്തിയിറങ്ങി ഒലിച്ചുപോകുന്നത് എനിക്ക് നോക്കി നിൽക്കാൻ മാത്രമേ കഴിഞ്ഞുള്ളൂ. ആ രാത്രി ഇപ്പോഴും എൻറെ കണ്ണുകളിലൂടെ ഒലിച്ചിറങ്ങുകയാണ് വിധി. ഞങ്ങളെ ഒന്നിക്കാൻ അനുവദിച്ചില്ല. ഇപ്പോഴും അവൾ എൻറെ മനസ്സിലുണ്ട്.

ഞാൻ കോളേജിൽ പഠിക്കുന്ന കാലം. തുലാവർഷം ആർത്തു പെയ്യുകയാണ്. ആകാശം ഇരുണ്ടു പെയ്യുകയാണ്. എനിക്ക് മഴയോട് അത്ര താല്പര്യം ഇല്ല. മഴ നനഞ്ഞാൽ എനിക്ക് വല്ലാത്തൊരു അസ്വസ്ഥതയാണ്. അതുകൊണ്ട് ഞാൻ മഴ അങ്ങനെ നനയാറില്ല. പക്ഷേ ആ മഴയിലാണ് എൻറെ ആദ്യ പ്രണയം പൂവിട്ടത്. അന്നാണ് അവളെ ഞാൻ ആദ്യമായിട്ട് കണ്ടത്. മഴയത്ത് നനഞ്ഞ് ഓടിവരുന്ന ഒരു ചെറിയ പെൺകുട്ടി. അവൾ തികച്ചും മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തയായിരുന്നു. അവളെ കണ്ടപ്പോൾ തന്നെ അവളെന്റെ മനസ്സിൽ കയറി. അവൾ എല്ലാവരുമായി നല്ല കൂട്ടായിരുന്നു. ഞങ്ങൾ നല്ല കൂട്ടുകാരായിരുന്നു. അതുകൊണ്ട് എൻറെ ഇഷ്ടം പറയാൻ എനിക്ക് എന്തോ പോലെ ആയിരുന്നു. ഇത്രയും കാലം സുഹൃത്തായി കണ്ടിട്ട് അവൾ ഇതിനെ എങ്ങനെ പ്രതികരിക്കും? ഞാൻ അതുകൊണ്ട് പറഞ്ഞില്ല. അവൾക്ക് മഴ എന്നാൽ എന്തോ ഭ്രാന്തായിരുന്നു. മഴ നനയാൻ ഇഷ്ടമില്ലാത്ത എന്നെ കൂടി നിർബന്ധിച്ച് മഴയത്ത് വലിച്ചിടുമായിരുന്നു അവൾ.

അവൾ ഒരു ദിവസം എന്നെ പെട്ടെന്ന് വന്ന് പ്രൊപോസ് ചെയതു. ഞാൻ ഞെട്ടിപ്പോയി. അവൾക്കും എന്നെ ഇഷ്ടമായിരുന്നോ എന്നാണ്

എനിക്ക് തോന്നിയത്. പിന്നെ അങ്ങോട്ട് ഞങ്ങളുടെ കാലമായിരുന്നു. സ്നേഹിച്ചും വഴക്കിട്ടും വിഷമിച്ചും ഒക്കെ ഒരു വർഷം പെട്ടെന്ന് പോയി. ഞാൻ കോളേജ് കഴിഞ്ഞു. അവസാന ദിവസം ഞാൻ മുഴുവൻ സമയവും കൂട്ടുകാരുടെ കൂടെയായിരുന്നു. അവളെ അവസാനം ഞാൻ തിരക്കിട്ട് ഓടിപ്പോയി കണ്ടു. അവൾ ദേഷ്യത്തിലായിരുന്നു. നല്ല മഴയുണ്ടായിരുന്നു. ഞാൻ അവളുടെ മുഖത്തേക്ക് വെള്ളം കുടഞ്ഞു. തിരിച്ചവളും. അവളുടെ ദേഷ്യവും വിഷമവും എല്ലാം പോയി. പിന്നെ കോളേജ് വിട്ടു. പിന്നെ ഞങ്ങൾ ഇടയ്ക്കിടെ ഫോൺ ചെയ്യും. കാണും.

ഒരിക്കൽ അവൾ എന്നെ വിളിച്ചിട്ട് ഒരു കടൽത്തീരത്ത് വരാൻ പറഞ്ഞു. നമ്മുടെ കാര്യം വീട്ടിൽ പിടിച്ചു എന്നൊക്കെയാണ് അവൾ പറഞ്ഞത്. ഞാൻ വേഗം അങ്ങോട്ട് ചെന്നു. പക്ഷേ പ്രതീക്ഷിച്ചതായിരുന്നില്ല അവിടെ കണ്ടത്. അവൾ ഒരു മനോഹരമായ ടെന്റിൽ മനോഹരമായി ഇരിക്കുന്നതാണ് കണ്ടത് ഞാൻ എന്തെങ്കിലും പറയും മുമ്പ് അവൾ എന്നെ പ്രൊപോസ് ചെയ്തു. അതും മാര്യേജ് പ്രൊപോസൽ. അവളുടെ വീട്ടിൽ കല്യാണത്തിന് സമ്മതമായിരുന്നു. പക്ഷേ എന്റെ വീട്ടിൽ അങ്ങനെ ആയിരുന്നില്ല. പക്ഷേ ഒരുവിധം സമ്മതിപ്പിച്ചു. ഞങ്ങളുടെ പഠനശേഷം വിവാഹം. കുറെ കാലത്തിനുശേഷം എനിക്ക് ജോലി കിട്ടി. അവളാണ് കൂടുതൽ സന്തോഷവതി. ഞാൻ



പോകുന്നതിനു മുൻപ് അവളുടെ എൻഗേജ്മെൻറ് നടത്തി. കല്യാണം ഞാൻ തിരിച്ചു വരുമ്പോൾ. മനസില്ലാ മനസ്സോടെ എന്നെ എല്ലാവരും യാത്രയാക്കി. അങ്ങനെ കുറെ കാലം കടന്നുപോയി. ഞങ്ങൾ തമ്മിൽ അത്ര കോൺടാക്ട് ഇല്ലായിരുന്നു.

പിന്നെ ഒരു നീണ്ട ഇടവേളയ്ക്ക് ശേഷം നാട്ടിലേക്ക്. ആരോടും ഞാൻ വരുന്ന കാര്യം പറഞ്ഞിരുന്നില്ല. എന്നെ കണ്ടപ്പോൾ ഉള്ള അവളുടെ ഇമോഷൻസ്.. ഞങ്ങളുടെ കല്യാണം അടുത്തമാസം ആയിരുന്നു. ഞങ്ങൾ കുറച്ച് ഷോപ്പിങ്ങിന് പോയി. നല്ല മഴയുണ്ടായിരുന്നു. അവൾ മഴത്തിറങ്ങണം എന്ന് പറഞ്ഞു. ഞങ്ങൾ ഇറങ്ങി. പെട്ടെന്ന് നിയന്ത്രണം വിട്ട ഒരു വണ്ടി വന്നു ഞങ്ങളെ.... ഞാൻ ഒരുപാട് വിളിച്ചു അവൾ കേട്ടില്ല. ചോര ഒഴുകുന്നുണ്ടായിരുന്നു. അവൾ പോയി. രണ്ടുമാസത്തെ കോമ സ്റ്റേജിനു ശേഷമാണ് ഞാൻ ഉണരുന്നത്. അവൾ ഒരു ജീവശമായി ഇപ്പോഴും.. ഞാനും അവളും മാത്രമായ ലോകത്താണ് ഇപ്പോൾ ഞങ്ങൾ. എന്നെ മറ്റൊരു വിവാഹത്തിനായി നിർബന്ധിച്ചിരുന്നു. പക്ഷേ അവൾ തിരിച്ചു വരും എന്ന ഒരു പ്രതീക്ഷ എനിക്കുണ്ട്. മഴയാണ് അവളുടെ ഓർമ്മകളെ നശിക്കാതെ കാത്തുസൂക്ഷിക്കുന്നത്. ഈ വാർധക്യത്തിലും എന്നെക്കൊണ്ട് അവൾ മഴയെ ഇഷ്ടപ്പെടുത്തുന്നു..

# എന്റെ ആ സുന്ദരമായ കാഴ്ചകൾ

കഥ

ആരാധ്യ എം 5B

ഞാൻ പ്രഭാതത്തിൽ എഴുന്നേറ്റു. ജാലകം വല്ലാതെ മുട്ടുന്നു. എന്റെആ ദിവസം അങ്ങനെ തുടങ്ങുകയും ചെയ്തു. ജാലകം മുട്ടുന്ന ഒച്ച കേട്ടു. ഞാൻ ഓടിപ്പോയി ജാലകം തുറന്നു. എന്റെ മുഖത്ത് ചേർന്ന് ആ സുന്ദരമായ കാറ്റു വീശി. എല്ലാ ചെടികളും എന്നോട് എന്തോ ചോദിക്കുന്നത് പോലെ. എന്റെ പൂന്തോട്ടത്തിൽ ഉണ്ടായ എല്ലാ ചെടികളും തലയാട്ടുന്നു. പിന്നെ അവിടെ ഉണ്ടായിരുന്ന ജലവും അതുപോലെ എന്നോട് തലയാട്ടി. ഞാൻ അവരോട് ചോദിച്ചു. എന്താ ഇത്ര സന്തോഷത്തിൽ? ഇന്നാണ് എന്റെ പിറന്നാൾ എന്ന് എനിക്ക് ഓർമ്മ വന്നു. ഇത്രയും മനോഹരമായ പിറന്നാൾദിനം ഉണ്ടായിട്ടില്ല.

# കടലിൽ നിന്നൊരു സ്നേഹ സമ്മാനം

കഥ
റബീഅ പി സി 5A



രാമുവിന്റെ പിറന്നാളിന് ഇനി വെറും രണ്ട് ദിവസമേ ഉള്ളൂ. അവൻ വളരെ സന്തോഷത്തിലാണ്. അവന്റെ ഇഷ്ട സമ്മാനമായ പന്ത് ഇത്തവണ അച്ഛനോട് വാങ്ങിച്ച തരാൻ പറയണം. അവൻ മനസ്സിൽ ഓർത്തു. അച്ഛൻ വരുന്നതും കാത്ത് ഉമ്മറത്ത് ഇരിപ്പായി. അതാ.. അച്ഛൻ.. സന്തോഷത്തോടെ അടുത്തേക്ക് ഓടി. അച്ഛാ... അച്ഛാ... ഇത്തവണ എൻറെ പിറന്നാൾ എനിക്കൊരു പന്ത് വാങ്ങിച്ച തരുമോ? അവൻറെ സന്തോഷമുള്ള മുഖത്ത് നോക്കി ഇല്ലെന്ന പറയാൻ അച്ഛന് കഴിഞ്ഞില്ല. അവനെ പതുക്കെ തലോടിക്കൊണ്ട് അച്ഛൻ പറഞ്ഞു: "നമുക്ക് വേടിക്കാം." രാമുവിന് സന്തോഷം അടക്കാനായില്ല. അച്ഛൻറെ മുഖത്ത് നോക്കിയ അമ്മക്ക് വല്ലാത്ത സങ്കടമായി. ആ മുഖം വല്ലാതെ അസ്വസ്ഥമാണ്. രാമു അകത്തേക്ക് പോയപ്പോൾ അമ്മ ചോദിച്ചു: "എന്തിനാ അവനോട് മേടിക്കാം എന്ന് പറഞ്ഞത്? കിട്ടിയില്ലെങ്കിൽ അവൻ വല്ലാതെ വിഷമിക്കും. പണിയില്ലാതെ എങ്ങനെ വാങ്ങാനാ. നാളെ ഭക്ഷണം വെക്കാൻ ഒരു മണി അരി പോലുമില്ല." "അവന്റെ സന്തോഷം കണ്ടപ്പോൾ മറിച്ചൊന്നും പറയാൻ തോന്നിയില്ല. കടലമ്മ സഹായിച്ച് എന്തെങ്കിലും ഒരു വഴി തെളിയും." അച്ഛൻ പറഞ്ഞു. പിറ്റേന്ന് അച്ഛൻ പതിവ് പോലെ കടലിൽ അരികിൽ ചെന്നിരുന്നു. പെട്ടെന്ന് ഒരു വലിയ തിര ഉയർന്നുപൊങ്ങി. വെള്ളം അച്ഛൻറെ അടുത്തേക്ക് പാഞ്ഞു കയറി. തിരമാലകൾ ശാന്തമായി. പെട്ടെന്നതാ ഒരു പന്ത് കരയിൽ അടിഞ്ഞു കിടക്കുന്നു. അച്ഛൻ ആശ്ചര്യപ്പെട്ടു. അച്ഛൻ പന്തിന്റെ അടുത്തേക്ക് പോയി. പന്ത് വാരിയെടുത്ത് സന്തോഷത്തോടെ കടലിലേക്ക് നോക്കി. കരഞ്ഞുകൊണ്ട് കടലമ്മയോട് നന്ദി പറഞ്ഞു. പന്തുമായി അച്ഛൻ വീട്ടിലേക്ക് ഓടി. രാമുവിനെ വിളിച്ച് പന്ത് നൽകി. പന്ത് കണ്ടതും രാമു സന്തോഷത്തോടെ തുള്ളിച്ചാടി. അച്ഛൻ അമ്മയോട് നടന്ന സംഭവങ്ങൾ എല്ലാം പറഞ്ഞു. അവൾ ദൈവത്തിനു നന്ദി പറഞ്ഞു.

# കുറുക്കനും ആട്ടും

കഥ
യദുനന്ദ് എം 6D

ചങ്ങാത്തം എന്നത് അളക്കാൻ പറ്റാത്ത അത്രയും ആഴമുള്ള കടലാണ്. അത്രയും നല്ല ചങ്ങാതികളായിരുന്നു ഒരു കുറുക്കനും ആട്ടും. അവർ എപ്പോഴും ഒരുമിച്ച് കിടക്കും ഒരുമിച്ച് നടക്കും ഒരുമിച്ച് ഭക്ഷണം കഴിക്കും. എന്നാൽ ആ സൗഹൃദത്തിൽ മുറിവേൽപ്പിക്കാൻ ഒരു ദിവസം ഒരു പെൺകുറുക്കനെത്തി. പെൺകുറുക്കനെ കണ്ടപ്പോൾ കുറുക്കന് ഒത്തിരി ഇഷ്ടമായി. പതിയെ പതിയെ രണ്ടുപേരും അടുത്തു അവർ അങ്ങനെ ഒരുമിച്ച് കിടത്തവും നടത്തവും ഒരുമിച്ച് ഭക്ഷണം കഴിക്കാനും തുടങ്ങി. അവരുടെ പിന്നാലെ ആട്ടും.

ഒരു ദിവസം രണ്ട് കുറുക്കന്മാരും ഒരുമിച്ച് കിടക്കുമ്പോൾ പെൺകുറുക്കൻ ആൺകുറുക്കനോട് പറഞ്ഞു: "പതുക്കെ നീ ആ ആടിനെ ഒഴിവാക്കണം. അവൻ നമുക്ക് ഒരു ശല്യം തന്നെയാണ്. അഥവാ നിങ്ങൾ ഒഴിവാക്കിയില്ലെങ്കിൽ ഞാൻ അവനെ പച്ചക്ക് തിന്നു കളിയും." ഇത് കേട്ടപ്പോഴേക്കും ആൺ കുറുക്കൻ പേടിച്ചുപോയി. ആ പെണ്ണിനോട് ആൺ കുറുക്കൻ കള്ളം പറഞ്ഞ് ഒരു ദിവസം ആടിനെ കാണാൻ പോയി. കുറുക്കൻ ആടിനോട് നടന്ന കാര്യങ്ങൾ പറഞ്ഞു. കൂടെ: "ഞാൻ നിന്റെ ഒറ്റ ചങ്ങാതിയാണ്. നിന്നെ ഒഴിവാക്കിക്കൊണ്ട് ഒരു ബന്ധം എനിക്ക് വേണ്ട." അപ്പോൾ ആട് പറഞ്ഞു: "നിങ്ങളുടെ ബന്ധം നിലനിൽക്കണം. ആ ഒരു ബന്ധത്തിൽ ഞാനൊരു പ്രശ്നമാവേണ്ട." എന്ന് പറഞ്ഞുകൊണ്ട് ആട് എങ്ങോട്ടെന്നറിയാതെ നടന്നുപോയി. ഓരോ ദിവസവും കുറുക്കന് ആടിന്റെ ചിന്തയായിരുന്നു.

അങ്ങനെ ആഴ്ചകൾ, മാസങ്ങൾ, വർഷങ്ങൾ കടന്നുപോയി. കുറുക്കന് കുട്ടികളായി. ഏതാണ്ട് കുറുക്കൻ ആടിനെ കണ്ടിട്ട് മൂന്ന് വർഷമായി. അങ്ങനെ കുറുക്കൻ ഒരു ഉറച്ച തീരുമാനമെടുത്തു. താൻ ഇനി ആടിനെ കിട്ടാതെ വീട്ടിൽ എത്തില്ല. കുറുക്കൻ ആടുപോയ ഭാഗത്തേക്ക് നടന്നുപോയി. വേനൽ കാലങ്ങൾ, മഴക്കാലങ്ങൾ, മഞ്ഞുകാലങ്ങൾ

എന്നിങ്ങനെ പല കാലവും കടന്നുപോയി. അങ്ങനെ കുറുക്കൻ ആടിനെ തേടാൻ തുടങ്ങിയിട്ട് ഏകദേശം അഞ്ചു വർഷമായി. അങ്ങനെ ആട് മരിച്ചു കാണും എന്ന് ചിന്തിച്ചിട്ട് കുറുക്കൻ വീട്ടിലേക്ക് മടങ്ങാൻ തീരുമാനിച്ചു. പോകുന്ന വഴി ഒരു



വെള്ളച്ചാട്ടത്തിനെടുത്ത് ഒരു കരച്ചിൽ കേട്ടു. കുറുക്കൻ അവിടെ ചെന്ന് നോക്കുമ്പോൾ തന്റെ സുഹൃത്തായ ആടിന്റെ തല ഒഴികെ ബാക്കി ഭാഗം വെറും എല്ലാം മാത്രമായി കിടക്കുന്നു. അത് തന്നെ സുഹൃത്താണെന്ന് ഉറപ്പിക്കാൻ തലയിൽ താൻ പണ്ട് വരച്ച നാല് നഖങ്ങൾ ഉണ്ടായിരുന്നു. കുറുക്കൻ പൊട്ടിക്കരഞ്ഞു. അപ്പോൾ അവൻ ആടിന്റെ ഭാര്യയെയും കുട്ടിയെയും കണ്ടു. താൻ കാരണം തന്റെ സുഹൃത്തിന് സംഭവിച്ചത് കണ്ട് ആടിന്റെ കുടുംബത്തിന് ഒന്നും സംഭവിക്കരുതെന്ന് കരുതി കുറുക്കൻ അവരെയും കൂട്ടി കുറുക്കന്റെ വീട്ടിലേക്ക് പോയി. കുറുക്കന്റെ വീട്ടിൽ ആട്ടിൻ കുടുംബം സുരക്ഷിതമാണെന്നും പറഞ്ഞ് കുറുക്കൻ ഉറങ്ങാൻ പോയി. പെട്ടെന്ന് കുറുക്കന്റെ ഭാര്യ ഉറക്കത്തിൽ നിന്ന് എഴുന്നേറ്റപ്പോൾ കാണുന്നത് കുറുക്കൻ ആരോടോ സംസാരിക്കുന്നു. അടുത്ത ചെന്ന് ആരോടാണ് സംസാരിക്കുന്നത് എന്ന് ചോദിച്ചപ്പോൾ ആകാശത്തെ പൂർണചന്ദ്രനെ കാണിച്ചുകൊണ്ട് തന്റെ സുഹൃത്ത് തന്നെ വിട്ടു പോയില്ല അവനോട് സംസാരിക്കുന്നു എന്ന് പറഞ്ഞു. അപ്പോൾ പെൺകുറുക്കൻ പറഞ്ഞു: "നിങ്ങളുടെ പറഞ്ഞത് അവൻ മരിച്ച് പോയി അതുകൊണ്ടാണ് അവന്റെ കുടുംബത്തെ ഇവിടെ താമസിപ്പിക്കുന്നത് എന്ന്." അപ്പോൾ ആട് പറഞ്ഞു: "അല്ല. അവൻ ശരീരത്തിൽ വിട്ടാണ് പോയത്. എന്നെ വിട്ടല്ല.." ഇത് കേട്ടപ്പോൾ പെൺകുറുക്കൻ തനിക്കൊരു സുഹൃത്തുണ്ടായിരുന്നെങ്കിൽ എന്ന് ചിന്തിച്ചുകൊണ്ട് കിടന്ന് ഉറങ്ങി. ആൺകുറുക്കൻ പൂർണ ചന്ദ്രനെ നോക്കി സംസാരിച്ചു കൊണ്ടേയിരുന്നു.

# ശലഭം

കവിത

സാദിക പി 9B

വ്യത്യസ്ത  വർണങ്ങളായ്
കുഞ്ഞു കുഞ്ഞു രൂപമാറ്റമായി
പാറിപ്പറക്കുന്നു നീ
തേൻ നുകരുവാനായ്

നിന്നെ കാണുമ്പോൾ
സന്തോഷം തോന്നുന്നു.
തേൻ നുകരുവാനാകട്ടെ എപ്പോഴും




# അച്ഛൻ

കവിത
ചൈതന്യ വി ആർ 7E

വാൽസല്യക്കുരുളിന്റെ മാരുതനാണ്
എന്നച്ഛൻ
ജീവിതമാകുന്ന തിരമാലകൾ നീന്തിക്കടക്കു
മെൻതാതൻ
എൻ കാലുകൾ ഇടറുമ്പോൾ താങ്ങിയെടു
ക്കുമെൻ ആ കരുത്തുറ്റ കരങ്ങൾ
അക്ഷരവീഥിയിൽ വെളിച്ചം പകർന്ന്
സൽഗുരുവായി ചമഞ്ഞിടുന്നു

പാടത്തും പറമ്പത്തും പണിയെടുത്തും
വിയർപ്പിന്റെ ഗന്ധം പേറുന്ന മാനസൃഷ്ടിയാണ്
അച്ഛൻ
അച്ഛനെന്ന വാക്കാൽ കുളിര് പകരുന്നു
ഈ ജന്മസാഫല്യത്തിൽ
ആഴക്കടലോളം സ്നേഹിക്കുമെന്നച്ഛൻ
എന്റെ നിഴലും നിലാവുമായി പതിച്ചിടുന്നു.



# ആഗ്രഹങ്ങളുടെ സ്വപ്നം

കഥ
ഹരിദേവ് പി വി 8F


അങ്ങനെ കാത്തിരുന്ന നിമിഷമെത്തി. പരീക്ഷകൾ അവസാനിച്ചു. വെക്കേഷൻ ആരംഭിച്ചിരിക്കുന്നു. അന്ന് രാത്രി ഉണ്ണി മയങ്ങി. അന്ന് അവൻ ഒരു സ്വപ്ന ലോകത്തായിരുന്നു. അവൻ മാതാപിതാക്കളുടെയും ജേഷ്ഠന്മാരുടെയും കൂടെ യാത്ര പോവുന്നത് ആസ്വദിക്കുമ്പോഴാണ് ജനലുകൾക്കിടയിലൂടെ മാർത്താണ്ഡന്റെ കിരണങ്ങൾ ഉണ്ണിയുടെ പുഞ്ചിരിക്കുന്ന വദനത്തിലേക്ക് തുളുമ്പിനിന്നത്. അവൻ ഉറക്കത്തിൽ നിന്നുണരുന്നു. അവൻ ചാടിയിറങ്ങി അമ്മയുടെ അരികെ ചെന്ന് പറഞ്ഞു: "അമ്മേ എന്റെ ചെങ്ങാതികളെല്ലാം അവരുടെ മാതാപിതാക്കളുടെ കൂടെ യാത്രകൾ പോയി. യാത്രകൾ പോവുന്നതായി ഞാൻ സ്വപ്നം കണ്ടു. സ്വപ്നത്തിലേതു പോലെ തന്നെ യാത്രകൾ പോയാലോ?" അമ്മ ഉണ്ണിയോട് പറഞ്ഞു: "ആഗ്രഹങ്ങളുടെ സ്വപ്നങ്ങൾ എല്ലാവർക്കും ഉണ്ട്. പക്ഷെ അവരുടെ കൈകളിലൊന്നും പൈസ ഉണ്ടാവില്ല. നിന്റേതു പോലുള്ള ആഗ്രഹങ്ങൾ എനിക്കുമുണ്ടായിരുന്നു. അന്ന് എന്റെ വെക്കേഷൻ കാലത്തും സ്കൂൾ കാലത്തും സായാഹ്ന സമയത്ത് എന്റെ അമ്മ ഒരു പേപ്പറിൽ അച്ഛന്റെ കടയിലേക്ക് വാങ്ങിക്കേണ്ട സാധനങ്ങൾ എഴുതി തന്നിട്ടുണ്ടാവും. രണ്ട് മൂന്ന് നാഴിക ദൂരം നടന്ന് ചെന്ന് സാധനങ്ങൾ വാങ്ങി ചെന്ന് കൊണ്ട് വരുമായിരുന്നു. നമ്മുടെ യാത്ര ആ വഴികളിൽ കാണുന്ന കാഴ്ചകളും ആ വഴികളിൽ നിന്ന് കിട്ടുന്ന കണ്ണിമാങ്ങകളും കശുവണ്ടിയും പെറുക്കിതിന്നായിരുന്നു. ഞാൻ നടുന്നിരുന്നത് ഹാ അതൊക്കെ ഒരു കാലം! നിന്റെ പ്രായത്തിലാണ് ഞങ്ങളുടെ അമ്മയെ നഷ്ടപ്പെട്ടത്. എന്റെ കല്യാണം കഴിഞ്ഞ് നിന്റെ ജേഷ്ഠനെ ഗർഭിണിയായിരിക്കുമ്പോഴാണ് എന്റെ അച്ഛൻ നമ്മെ വിട്ടു പോയത്. അതിൽ പിന്നെ ഞങ്ങൾക്ക് ഓർമ്മിക്കാൻ ഒരു യാത്രയും ഉണ്ടായില്ല. ഇന്ന് നിന്റെ കാര്യങ്ങൾ നടത്താൻ ഞങ്ങളുണ്ട്. നീ ഇന്ന് ഏഴാം ക്ലാസ്സിലാണ് പഠിക്കുന്നത്. നീ നന്നായി പഠിച്ചാൽ നല്ല ഉദ്യോഗം നേടിയാൽ നിനക്കും യാത്രകൾ ചെയ്യാം." അത് കേട്ടതും അവൻ അമ്മയെ കെട്ടി പിടിച്ചു.

# കാട്ടുപൂവ്

കവിത

വൈഗ എൻ 9B

എന്തിനു കേണുന്നു  കാട്ടുപൂവേ
നിൻറെ ചാരുതയൊക്കെയും എങ്ങു പോയി
വയ്യേ നിനക്കു നടപ്പാൻ പാവം
വീണു പോയല്ലോ നിലത്ത്
കരിവണ്ടിങ്ങെത്തി നുകരാൻ നിൻറെ
മധുരമാം തേനിൽ അലിയാൻ
ഇനി എന്തു ചെയ്യും അയ്യോ പൂവ്
വെയിൽ ഏറ്റു വാടിപ്പോയോ
ഇളം കാറ്റും മെല്ലെ വീശി
പൂവിൻ കൊച്ചു കരങ്ങൾ തഴുകി
വിടരുന്നു വീണ്ടും പൂവിൻ പുതിയ
മൃദുലമാം ഇതളുകൾ ചുറ്റും
കരിവണ്ടുവന്നിതാ നിന്നിൻ നല്ല
മധുരമാം തേനിൽ അലിയാൻ



# പ്രകൃതിയാൽ തന്നെ..

കഥ
മുഹമ്മദ് വാസിൽ 9A

"ടോ...കൃഷ്ണൻകുട്ടി, തന്നോട് ഞാൻ പല പ്രാവശ്യം പറഞ്ഞിട്ടുണ്ട് നെല്ലിനും വാഴക്കും ഒക്കെ ഒഴിക്കുന്ന വെള്ളം എൻറെ വീട്ടുവളത്തിലേക്ക് ഒഴുക്കി വിടരുതെന്ന്."

"ഷൈജു സാറേ, ഞാനെന്തു ചെയ്യാനാ.. സാർ ഇത് മുമ്പ് പറഞ്ഞിട്ട് ഞാൻ എൻറെ കുറെ നെല്ല് നടേണ്ട സ്ഥലം വെട്ടിക്കുഴിച്ച് വെള്ളം അപ്പുറത്തെ ആണിലേക്ക് തിരിച്ചുവിട്ടത്, അപ്പോ സാറിന് വണ്ടി കേറാൻ സ്ഥലമില്ല എന്ന് പറഞ്ഞ് ആ ആണി മൂടി".ഷൈജു ഏട്ടൻ ഇടക്ക് കേറി പറഞ്ഞു:"താൻ എന്നെ പഠിപ്പിക്കാൻ വരണ്ട എനിക്കറിയാം എന്റെ സ്ഥലം എവിടെ കുഴിക്കണം എവിടെ മൂടണം എന്ന്"

"സാറേ എന്നാ ഈ വെള്ളം എന്ത് ചെയ്യണം എന്ന് സാറ് പറ"

"താൻ ഒന്നും ചെയ്യേണ്ട എനിക്കറിയാം എന്ത് ചെയ്യണം എന്ന്"

പിറ്റേന്ന് ഒരു പോലീസുകാരൻ അവിടെയൊക്കെ നോക്കുന്നത് എൻറെ ശ്രദ്ധയിൽപ്പെട്ടു. "എന്താ സാറേ" "താനാണോ ഇതിന്റെ മുതലാളി?ഈ സ്ഥലം കൊടുക്കുന്നോ"

"സാറേ ഒന്നും വിചാരിക്കരുത് കൊടുക്കുന്നില്ല ഇതുള്ളോണ്ടാ സാറേ ജീവിതം മുന്നോട്ടു പോണേ"

എൻറെ വരണ്ട ഹൃദയത്തിൽ നിന്ന് കണ്ണീരുകൾ പാഞ്ഞു നനഞ്ഞ ഭൂമിയിൽ തുള്ളികളായി വീണു. അയാളോടുള്ള ദേഷ്യം എത്രയുണ്ടെന്ന് പറഞ്ഞാലും നിസ്സഹായത ആയിരുന്നു ഫലം. അന്ന് ഞാൻ വീട്ടിൽ തിരിച്ചെത്തിയത് വളരെ വിഷമത്തോടെയായിരുന്നു. കിടന്നിട്ടു ഉറക്കം വന്നില്ല. ഉറങ്ങാൻ വൈകിയിരുന്നു എഴുന്നേൽക്കാനും. രാവിലെ വൈകിയാണെങ്കിലും ഞാൻ വയലിൽ എത്തി. ആ കാഴ്ച എന്നെ അമ്പരപ്പിച്ചു.

വയല് മുഴുവൻ കറുത്ത ചാരം കൊണ്ട് നിറഞ്ഞിരുന്നു. എൻറെ വിയർപ്പ്, എൻറെ അധ്വാനം, എൻറെ വെള്ളം, എൻറെ വളം, ഏതോ ഒരുവൻ കത്തിച്ചുചാരമാക്കിയിരിക്കുന്നു. കുറച്ചുനേരം അവിടെ നിന്ന ശേഷം ഞാൻ

പോലീസ് സ്റ്റേഷനിൽ പോയി കേസ് കൊടുത്തു. അവർ കേസ് അന്വേഷണത്തിന് ഇങ്ങോട്ട് വന്നില്ലെങ്കിലും ഞാൻ ദിനേനെ അങ്ങോട്ട് പോയി. അപ്പോൾ എനിക്ക് ഓർമ്മ വന്നത് വർഷങ്ങൾക്കുമുമ്പ് കൃഷി ലോണിലായി ഞാൻ ബാങ്കുകൾ കയറിയിറങ്ങിയതാണ്. കേസ് അന്വേഷണം മുന്നോട്ടു പോവില്ല എന്ന് ഉറപ്പായപ്പോൾ ഞാൻ കേസ് പിൻവലിച്ചു. വയലുള്ള സ്ഥലം വിറ്റു. വയൽ നികത്തരുത് എന്ന നിയമം കാറ്റിൽപ്പരത്തി അവിടെ കെട്ടിടം ഉയർന്നു. വയലായതിനാൽ തന്നെ 2018 വെള്ളപ്പൊക്കത്തിൽ ആ കെട്ടിടം മുങ്ങിത്താണു. സമീപത്തായതിനാൽ ഷൈജുവേട്ടന്റെ വീടും. അവർക്കുള്ള ശിക്ഷ പ്രകൃതി തന്നെ നിർവഹിച്ചു.